# അല്ലാഹുവിന്റെ സഹായവും നബിമാരുടെ വിജയവും- 5

**അ**ല്ലാഹുവിന്റെ സഹായത്തേയും രക്ഷണത്തേയും കുറിച്ച് കഴിഞ്ഞ ഖുത്ബമുതൽ പ്രതിപാദിച്ചുവരികയാണ്. ഈ സഹായവും രക്ഷണവും അല്ലാഹുതആല തന്റെ പ്രവാചകന്മാർക്ക് നല്കിവരുന്നു. അവർക്കുശേഷം അവൻ സ്ഥാപിച്ചിട്ടുള്ള ജമാഅത്തിനോടും അതേരീതിയിൽതന്നെ പെരുമാറുന്നു. അത്തരം രക്ഷണത്തിന്റെ അടയാളം കാണിച്ചുകൊണ്ട് സത്യവിശ്വാസികളുടെ ഈമാനെ- സത്യവിശ്വാസത്തെ പ്രബലപ്പെടുത്തിക്കൊണ്ടിരിക്കുന്നതിനാണിത്. കഴിഞ്ഞ ഖുത്ബകളിൽ ഞാൻ നബി(സ) തിരുമേനിയുടെ സത്യവാനായ പ്രേമിയും, കാലത്തിന്റെ മസീഹും മഹ്ദിയുമായ ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)യോടൊപ്പമുണ്ടായ അല്ലാഹുവിന്റെ ദിവ്യമായ സഹായത്തിന്റേയും ഇസ്‌ലാമിന്റെ ശത്രുക്കൾ അവിടത്തെമേൽ ചെയ്ത ആക്രമണത്തിൽനിന്ന് ആ മഹാത്മാവിനെ സുരക്ഷിതനാക്കിവെച്ചുകൊണ്ട് അല്ലാഹു കാണിച്ച രക്ഷണത്തിന്റേയും അനിതരസാധാരണമായ അടയാളങ്ങളെ കുറിച്ചുള്ള ചില ഉദാഹരണങ്ങൾ സമർപ്പിച്ചിരുന്നു. തന്റെ പ്രിയപ്പെട്ട ദാസർക്കുണ്ടാകുന്ന അല്ലാഹുവിന്റെ ഈ ഉപകാരവും സഹായവും അവർ ഈ ലോകത്തുനിന്ന് പോകുന്നതോടുകൂടി അവസാനിക്കുകയില്ല. ഞാൻ പറഞ്ഞതുപോലെ, അവന്റെ ജമാഅത്തിനോടും അവൻ അതേരീതിയിൽതന്നെ പെരുമാറുന്നു. എന്നല്ല, ജമാഅത്തെന്ന നിലയിൽ ജമാഅത്തിന് ചെയ്യുന്ന ഈ രക്ഷണത്തിന്റെയും സഹായത്തിന്റേയും കാഴ്ചകൾ കാണാൻ കഴിയുന്നതിനോടൊപ്പം, വ്യക്തിഗതമായനിലയിൽ ഈ അദ്ധ്യാപനമനുസരിച്ച് നടക്കുന്നവരോടും ഇത്തരത്തിലുള്ള മാതൃകാപരമായ പെരുമാറ്റം അവൻ കാണിച്ചുകൊണ്ടേയിരിക്കുന്നു. നബി(സ) തിരുമേനിയുടെ ഈ ആത്മീയസുതന്റെ ജമാഅത്തിനോടും, ജമാഅത്തുപരമായ നിലയിലും വ്യക്തിപരമായ നിലയിലും ജമാഅത്തംഗങ്ങളുടെ ഈമാൻ വർദ്ധിപ്പിക്കുന്നതിന് കാരണമാകുംവിധമുള്ള അടയാളങ്ങൾ അല്ലാഹു കാണിച്ചിട്ടുണ്ട്.

ജമാഅത്തുപരമായ നിലയിൽ അല്ലാഹുവിന്റെ സഹായം നാം നിത്യേന കണ്ടുവരുന്നതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദേഹവിയോഗത്തിനുശേഷം ഇനി ഈ ജമാഅത്ത് നശിച്ചുപോകുമെന്ന് ശത്രുക്കൾ കരുതിയിരുന്നു. "പക്ഷേ, അല്ലയോ പ്രിയപ്പെട്ടവരേ, ശത്രുക്കളുടെ രണ്ടുതരം ആഹ്ലാദാഭാസങ്ങളെ തകർത്തുകാണിക്കുന്നതിനുവേണ്ടി അല്ലാഹു രണ്ടുതരം ദിവ്യശക്തി പ്രതിഭാസം കാണിക്കുന്നു എന്നത് അവന്റെ പണ്ടുപണ്ടേയുള്ള സുന്നത്താണ്" എന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, അതെങ്ങനെയാണ് പുലർന്നതെന്ന് നമ്മൾ കണ്ടു. ഹസ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമനെ അല്ലാഹു ഖിലാഫത്തിന്റെ വസ്ത്രം ഉടുപ്പിച്ചുകൊണ്ട് എതിരാളികളുടെ ആഹ്ലാദാഭാസങ്ങളെ തകർത്തുകളഞ്ഞു. വീണ്ടും സത്യവിശ്വാസികൾ ഒരു കൈയിൽ സംഘടിച്ചു. പിന്നീട് രണ്ടാം ഖിലാഫത്തിന്റെ കാലത്ത് അല്ലാഹു സത്യവിശ്വാസികളെ എങ്ങനെ സഹായിച്ചുവെന്ന് നമ്മൾ കണ്ടു. അകത്തുനിന്നും പുറത്തുനിന്നുമുള്ള ശത്രുക്കളുടെ പരിശ്രമങ്ങളേയും ആഗ്രഹങ്ങളേയും തകർത്തുകൊണ്ട് അഹ്മദിയ്യത്തിന്റെ വഞ്ചി തികച്ചും യുവാവായ, പക്ഷേ 'ഉലുൽഅസ്മായ' വാഗ്ദത്തപുത്രന്റെ നേതൃത്വത്തിൽ മുന്നോട്ടു കുതിച്ചുകൊണ്ടേപോയി. അവൻ ജമാഅത്തിന് പുരോഗതിയുടെമേൽ പുരോഗതി നല്കിക്കൊണ്ടിരുന്നു. ലോകത്തിന്റെ ഒരുപാട് രാജ്യങ്ങളിൽ അല്ലാഹുവിന്റെ പ്രത്യേകമായ രക്ഷണവും സഹായവുംകൊണ്ട് അഹ്മദിയ്യത്തിന്റെ പതാക രണ്ടാം ഖിലാഫത്തുകാലത്ത് (1914-1965) പാറിപ്പറപ്പിച്ചു.

പിന്നീട് മൂന്നാമത്തെ ഖിലാഫത്തുകാലത്ത് (1965-1982) അതികഠിനമായ എതിർപ്പുണ്ടായി. ശത്രുക്കൾ ജമാഅത്തിനേയും ജമാഅത്തംഗങ്ങളേയും നിരാശപ്പെടുത്തുന്നതിനും തളർത്തുന്നതിനും വേണ്ടി പരിശ്രമിച്ചു. തങ്ങളുടെ സങ്കല്പത്തിൽ, ജമാഅത്തിന്റെ കൈമുറിച്ചു. പക്ഷേ, അല്ലാഹുതആല തന്റെ സഹായവും അനുഗ്രഹവുംകൊണ്ട് ജമാഅത്തിന്റെ

ചുവട് പിന്നിലേക്ക് പോകാൻ വിട്ടില്ല. ആ ചുവടുകൾ മുന്നോട്ടുമുന്നോട്ടുതന്നെ പൊയ്ക്കൊണ്ടിരുന്നു. ശത്രുക്കളുടെ കൈമുറിഞ്ഞുവെന്ന് മാത്രമല്ല, കഴുത്തുകളും തകർക്കപ്പെട്ടതായി ജനം കണ്ടു. ഇത് ഏതെങ്കിലും മനുഷ്യന്റെ പ്രവൃത്തിയല്ല. അല്ലാഹുവിന്റെ മാത്രം രക്ഷണത്തിന്റേയും സഹായത്തിന്റേയും കഴ്ചകളാണ്.

അതിനുശേഷം നാലാം ഖിലാഫത്തിന്റെ കാലഘട്ടത്തിൽ (1982-2003), താനൊരുക്കിയ കെണിയുടെ ഫലമായി അഹ്മദിയ്യാ ജമാഅത്ത് എല്ലാവിധത്തിലും അടച്ചുപൂട്ടപ്പെടുമെന്നും അതിനു പുറത്തുവരാനുള്ള വഴിയൊക്കെ അടഞ്ഞുവെന്നും ഇനി അത് സ്വയം മരിച്ചൊടുങ്ങുമെന്നും ശത്രുക്കളുടെ നേതാവായ ഒരുവൻ കരുതി. പക്ഷേ, നിരവധി ഇൽഹാമിലൂടെ അല്ലാഹു ഹസ്റത്ത് മസീഹ് മൗഊദ്(അ)നോട് 'ഞാൻ നിന്നെ സഹായിക്കും' എന്ന് വാഗ്ദാനം ചെയ്തിരുന്നതുപോലെ, ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ 'ഖലീഫയെ റാശിദിനെ'യും അല്ലാഹു സഹായിച്ചു. എല്ലാവിധ ഗൂഢപദ്ധതികളും, കുതന്ത്രങ്ങളും പ്രയോഗിച്ചിട്ടും ഖിലാഫത്ത് വ്യവസ്ഥിതിയെ തളർത്താനും കൊല്ലാനുമുള്ള പരിപാടിയിൽ ശത്രുക്കൾ പരാജയപ്പെട്ടു. 'ഞാൻ നിന്റെ തബ്‌ലീഗിനെ ലോകത്തിന്റെ അറ്റങ്ങളോളമെത്തിക്കും' എന്ന തന്റെ വാഗ്ദാനമനുസരിച്ച് അല്ലാഹു, തുറന്നിട്ട വഴികൾ കണ്ട് ശത്രുക്കൾ അന്തിച്ചുപോയി. നമുക്കറിയാം സന്ദേശമെത്തിക്കുന്നതിന് ഇന്നുള്ള ഏറ്റവും വലിയ മാർഗ്ഗം ഖലീഫത്തുൽ മസീഹ് റാബിഅ് തുടങ്ങിയ എം.ടി.എയാണ്.

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റ ഹ്)ന്റെ ദേഹവിയോഗത്തെ തുടർന്ന് ശത്രുക്കൾ ഇനി ഇതിന്റെ അധഃപതനം ആരംഭിക്കുമെന്നും അങ്ങനെ നശിക്കുമെന്നുമുള്ള പ്രതീക്ഷയിലായിരുന്നു. പക്ഷേ, അല്ലാഹുവിന്റെ പദ്ധതികൾ എന്താണെന്ന് ഈ വിഡ്ഢികൾക്കറിയില്ല. അല്ലാഹുതആല ഏതൊരു കാലത്തിന്റെ ഇമാമിനെ തന്റെ രക്ഷണവും സഹായവും ഉണ്ടാകുമെന്നുള്ള വാഗ്ദാനത്തോടെ ഈ ലോകത്തേക്ക് അയച്ചുവോ ആ സഹായം ശത്രുക്കളുടെ എതിർപ്പുകൊണ്ടോ, അവരുടെ പരിശ്രമംകൊണ്ടോ അവസാനിച്ചുപോകുകയില്ല. ഇൻശാഅല്ലാഹ്. ഈ സഹായം ഏതെങ്കിലും ഒരു കാലവുമായോ സമയവുമായോ ബന്ധിതവുമല്ല. ഈ വാഗ്ദാനമെല്ലാം ഹസ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ളതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ പ്രിയപ്പെട്ട ജമാഅത്തുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ലോകത്തുള്ള ഒരു ശക്തിയ്ക്കും ഇതിൽ തടസ്സമാകാൻ സാധിക്കുകയില്ല. അല്ലാഹുവിന്റെ സഹായവാഗ്ദാനം ഓരോ ചുവടിലും ഓരോ ദിവസവും നമ്മൾ കണ്ടുവരുന്നു. ഇതിനെ സംബന്ധിച്ച് വിശദീകരണം ഇൻശാഅല്ലാഹ് ജൽസസാലാനയുടെ അവസരത്തിൽ പറയുന്നതാണ്. അതുകൊണ്ടിപ്പോൾ വിശദീകരിച്ചു പറയുന്നില്ല.

ഞാൻ പറഞ്ഞതുപോലെ വ്യക്തിപരമായ നിലയിലും അല്ലാഹു തന്റെ സഹായത്തിന്റെ കാഴ്ചകൾ സത്യവിശ്വാസികൾക്ക് കാണിച്ചുകൊടുത്തു. തന്റെ അദ്ധ്യാപനമനുസരിച്ച് പ്രവർത്തിക്കുകയും തന്റെ റസൂലിനെ അനുധാവനം ചെയ്യുകയും തന്റെ മാതൃക നിലനിറുത്തണമെന്ന് അല്ലാഹു താക്കീതുചെയ്ത് പറയുകയും ചെയ്തവരോട് അല്ലാഹു ഇത് വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. നമസ്കാരം നിലനിർത്താനും, ധനത്യാഗത്തിൽ മുൻകടക്കാനും, അല്ലാഹുവിനെ ശക്തമായി പിടിക്കാനും അല്ലാഹുവിനേയും റസൂലിനേയും ജമാഅത്ത് വ്യവസ്ഥിതിയേയും പരിപൂർണ്ണമായും അനുസരിക്കാനും അവൻ അവരോട് കല്പിച്ചിരിക്കുന്നു. അപ്പോഴാണ്, അല്ലാഹു നിങ്ങളേയും തന്റെ സഹായത്തിന്റേയും രക്ഷണത്തിന്റേയും കാഴ്ചകൾ കാണിക്കുന്നത്. ഏതുപോലെ നബി(സ)യുടെ കാലഘട്ടത്തിലും അവിടത്തെ ഖുലഫാഉർറാശിദീംകളുടെ കാലഘട്ടത്തിലും ഈ മാതൃക നമുക്ക് ചരിത്രം കാണിച്ചുതരുന്നുവോ മുഹമ്മദീ മസീഹിനെ വിശ്വസിക്കുന്നവരിലും അങ്ങേയറ്റം വിപൽഘട്ടങ്ങളിൽ അല്ലാഹുവിന്റെ സഹായത്തിന്റെ കാഴ്ച കാണിച്ചുതരുന്നതാണ്.

ഇപ്പോൾ ഞാൻ അത്തരം ചില സ്വഹാബാക്കളുടെ അല്പം സംഭവങ്ങൾ പറയാനാഗ്രഹിക്കുകയാണ്. ഇതിൽനിന്ന് അല്ലാഹു എങ്ങനെയാണ് തന്റെ മസീഹ് മഹ്ദിയെ വിശ്വസിച്ചവരേയും, കർമ്മരംഗത്ത് പ്രവർത്തിക്കുന്നവരേയും വിവിധ അവസരങ്ങളിൽ സഹായിച്ചുകൊണ്ടിരുന്നതെന്ന് മനസ്സിലാകും. ഇന്നും അത് നടന്നുകൊണ്ടിരിക്കുന്നു. തീർച്ചയായും ഹസ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിന്റെ പ്രിയപ്പെട്ട ദാസനാണെന്നതിനുള്ള വ്യക്തമായ തെളിവാണിത്. അല്ലാഹു സത്യവിശ്വാസിയുടെ ഈമാൻ ശക്തിപ്പെടുത്തുന്നതിനായിട്ടാണ്, ഈ കാഴ്ചകൾ അവരെ കാണിക്കുന്നത്.

**ഹസ്റത്ത് ഗുലാം റസൂൽസാഹിബ് രാജകി(റ)** പറയുന്നു: അക്കാലത്ത് നടന്ന ഒരു സംഭവമാണ്. ഞാനൊരിക്കൽ ഞങ്ങളുടെ ഗ്രാമത്തിൽനിന്ന് ഒന്ന രമൈൽ ദൂരെ സ്ഥിതിചെയ്യുന്ന ഗഡു എന്ന ഗ്രാമ ത്തിൽ പോയി. ആ ഗ്രാമത്തിലെ അധികമാളുകളും ഞങ്ങളുടെ കുടുംബത്തിന്റെ ശിഷ്യഗണത്തിൽപെട്ട വരായിരുന്നു. അതുകൊണ്ട് അവിടെത്തെ ചിലയാ ളുകൾക്ക് ഞാൻ തബ്ലീഗ് ചെയ്തു. തിരിച്ചുവന്ന പ്പോൾ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആഗമന ത്തെക്കുറിച്ച് ഞാനെഴുതിയ ഒരു പഞ്ചാബി കവിത യുടെ ചില വരികൾ ആ ഗ്രാമത്തിലെ ഒരു പള്ളിവരാന്തയിൽ എഴുതിയിട്ടു. സന്ദർഭവശാൽ ആ ഗ്രാമത്തിന്റെ തലവനായ ചൗദ്ദരി അല്ലാഹ്ബഖ്ശ് മസ്ജിദിന്റെ അവിടെ എവിടെയോനിന്ന് ശുദ്ധിവരു ത്തുകയായിരുന്നു. ഞാൻ പള്ളിയിൽനിന്ന് പുറത്തേ ക്കിറങ്ങുമ്പോൾ അയാൾ എന്നെ കണ്ടു. വഴിയിൽ വെച്ച് പള്ളിയിലെ ഇമാം മൗലവി കലീമുല്ലായും എന്നെ കണ്ടു. ഇവർ രണ്ടുപേരും കണ്ടുമുട്ടിയപ്പോൾ അഹ്മദിയ്യത്തിലുള്ള എന്റെ ഉന്മാദത്തെക്കുറിച്ച് പറ ഞ്ഞുകൊണ്ട് പള്ളിയുടെ വരാന്തയിൽ ഞാനെഴുതി യിരുന്ന ആ കവിതാവചനങ്ങൾ വായിച്ചു. ഈ മിർസായി തങ്ങളുടെ പള്ളി അശുദ്ധമാക്കി എന്ന് ധരിച്ചുകൊണ്ട് എന്നെ പിടിച്ചുകെട്ടി അവരുടെയടു ക്കൽ കൊണ്ടുചെല്ലുന്നതിനായി ആരോഗ്യവാന്മാ രായ ഏഴ് യുവാക്കളെ എന്റെ പിന്നാലെ വിടാൻ തീരുമാനിച്ചു. എന്റെ കൈകൊണ്ടുതന്നെ അത് മായിച്ച് എന്നെ കൊല്ലുക എന്നതായിരുന്നു അവ രുടെ ലക്ഷ്യം. അങ്ങനെ ഇത് പ്രാവർത്തികമാക്കാൻ ഏഴ് ചെറുപ്പക്കാരെ എന്റെ പിന്നാലെ പായിച്ചു. അക്കാലത്ത് ഞാനും വേഗത്തിൽ ഓടുമായിരുന്നു. അതുകൊണ്ട് അവർ എത്തുന്നതിനുമുമ്പേ ഞാൻ എന്റെ ഗ്രാമത്തിലെത്തി. എന്നെ കാണാതെ വന്ന പ്പോൾ അവർ തിരിച്ചുപോകുകയും ചെയ്തു. അവ രുടെ ദുർവിചാരത്തെക്കുറിച്ച് അറിയുന്ന എന്റെ പിതാവിന്റെ ശിഷ്യനായ ആ ഗ്രാമത്തിലെ ഒരാൾ പിറ്റേന്നുരാവിലെതന്നെ അദ്ദേഹത്തിന്റെയടുക്കൽവ ന്നു. നടന്നകാര്യങ്ങളൊക്കെ പറഞ്ഞുകേൾപ്പിച്ചു. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ കേട്ടുടനെ പിതാവ് എന്നോട് പറഞ്ഞു: "ഇങ്ങനെയാണ് അവർ നിന്നെ ക്കുറിച്ച് വിചാരിക്കുന്നതെങ്കിൽ സൂക്ഷിക്കണം". ഈ സംഭവവും ബഹുമാനപ്പെട്ട പിതാവിന്റെ വാക്കുകളും കേട്ടപ്പോൾ ഞാൻ വുളു ചെയ്ത് നമസ്കരിക്കാൻ തുടങ്ങി. ഉദാരനായ എന്റെ യജമാനന്റെ തിരുസന്ന ധിയിൽ താണുകേണപേക്ഷിച്ചു. എന്റെ യജമാനനായ അല്ലാഹുവേ! ഇക്കൂട്ടർ നിന്റെ പ്രിയപ്പെട്ട മസീഹിന്റെ സന്ദേശം എത്തിക്കുന്നതിൽനിന്ന് എന്നെ തടയുമോ? ഇപ്രകാരം ഞാൻ തബ്ലീഗ് ചെയ്യുന്നതിൽനിന്ന് പിന്ത ള്ളപ്പെടുമോ? വലിയ വ്യാകുലതയോടും തൊണ്ടയി ടറിക്കൊണ്ടും ഞാനിങ്ങനെ പ്രാർത്ഥിക്കുകയായിരു ന്നു. പെട്ടെന്ന് നമസ്കാരപ്പടത്തിൽതന്നെ ഒരു മയ ക്കംപോലെ എനിക്ക് അനുഭവപ്പെട്ടു. ഞാനുറങ്ങിപ്പോ യി. ഉറങ്ങിയതോടൊപ്പം ദീനരോടു കരുണ കാണി ക്കുന്നവനായ എന്റെ അല്ലാഹു സംഭാഷണത്തിൽ ഏർപ്പെടുകയും അങ്ങേയറ്റം അലിവോടും ദയ യോടും എന്നോട് പറയുകയും ചെയ്തു. "ആരാണ് നിന്നെ തബ്ലീഗ് ചെയ്യുന്നതിൽനിന്ന് തടയുന്നവൻ. ഗ്രാമത്തലവനായ അല്ലാഹ് ബഖ്ശിനെ ഇന്നുമുതൽ പതിനൊന്നാം പക്കം ഞാൻ ഖബ്റിൽ ഇടുന്നതാണ്." പ്രഭാതഭക്ഷണം കഴിച്ചുടനെ ഞാൻ ഗഡുവിലെത്തി. ചെന്നുടനെ ഗ്രാമത്തലവനായ അല്ലാഹ്ബഖ്ശിന്റെ വീട് അന്വേഷിച്ചു. എന്താണ് കാര്യമെന്ന് ആളുകൾ തിരക്കി. ഞാൻ പറഞ്ഞു. അയാൾക്കുവേണ്ടി ഞാനൊരു ദൈവികസന്ദേശവുമായിട്ടാണ് വന്നിട്ടു ള്ളത്. അല്ലാഹ്ബഖ്ശ് ഇന്നേക്ക് പതിനൊന്നാം പക്കം ഖബ്റിൽ ഇടപ്പെടുന്നതാണ്. അയാൾ ഗുജ്റാത്തിൽ നിന്ന് കിഴക്കോട്ട് കുറച്ച് മൈലുകൾക്കപ്പുറമുള്ള ഒരു ഗ്രാമത്തിൽ പോയിരിക്കുകയാണെന്ന് ആരോ പറഞ്ഞു. "എന്നാൽ നിങ്ങൾ സാക്ഷിയായിരിക്കണം. അയാൾ പതിനൊന്നാംപക്കം ഖബ്റിൽ ഇടപ്പെടുന്നതായിരി ക്കും. ആർക്കും ഈ ദൈവികവിധിയെ തട്ടിമാറ്റാൻ സാധ്യമല്ല" എന്ന് ഞാൻ പറഞ്ഞു. എന്റെ ഈ സന്ദേശം കേട്ടുടനെ അവിടെ കൂടിയ ജനങ്ങളിൽ ഒരു ഭീതി പരന്നു.

പിന്നീട് അല്ലാഹ്ബഖ്ശിന്, ലാലചെക്ക് എന്ന സ്ഥലത്തുവെച്ച് രോഗം പിടിപെട്ടു. ചോരപോക്കും, നെഞ്ചുവേദനയുമുണ്ടായി. അല്പ ദിനങ്ങൾകൊണ്ട് രോഗം മൂർച്ഛിച്ചു. ബന്ധുക്കൾ അയാളെ അടുത്തുള്ള ഗുജറാത്ത് ആശുപത്രിയിൽ കൊണ്ടുപോയി. അവി ടെച്ചെന്ന് കൃത്യം പതിനൊന്നാംപക്കം നശ്വരമായ ഈ ലോകത്തുനിന്ന് അയാൾ വിടപറഞ്ഞുപോയി. ഗഡുഗ്രാമത്തിലെ ഖബ്ർസ്ഥാനംപോലും അയാൾക്ക് കിട്ടിയില്ല.

***ഹസ്റത്ത് മൗലാനാ നദീർ അഹ്മദ് സാഹിബ് മുബശ്ശിർ*** ഒരു സംഭവം എഴുതുന്നു. 1939–ൽ നടന്ന ഒരു സംഭവമാണ്. ഘാനയിലെ ഡിഗോവ ജനത

യിൽപെട്ട ഒരു യുവാവ്, ബയ്ത്തുല്ലായിലെ ഹജ്ജും മതപരമായ വിദ്യാഭ്യാസവും പൂർത്തിയാക്കിയതിനു ശേഷം പരിശുദ്ധമക്കയിൽനിന്ന് തിരിച്ചുവന്ന് ഘാന യിലെ, ഒരു ഗ്രാമമായ സറാഹീലിൽ താമസിച്ചു. തന്റെ പ്രശസ്തി വർദ്ധിപ്പിക്കുന്നതിനാണെന്നു തോന്നുന്നു, അയാൾ നമുക്കെതിരെ പരസ്യപ്രചാ രണം നടത്താൻ തുടങ്ങി. താൻ മക്കയിൽനിന്ന് വന്ന താണെന്നും ഇമാം മഹ്ദി ഇപ്പോൾ വെളിപ്പെ ട്ടിട്ടില്ലെന്നും അഹ്മദികൾ അബദ്ധം പറഞ്ഞ് പരത്തു കയാണെന്നും പ്രചരിപ്പിച്ചു. അയാളുടെ പ്രചാരണം വളരെ ശക്തിപ്രാപിച്ചു. എത്രമാത്രമെന്നാൽ ആ നാട്ടിലെ മുഹമ്മദ് എന്ന പേരുകാരനായ ഒരു ചീഫ് (നേതാവ്) എന്റെയടുത്ത് (മൗലാനാ നദീർ അഹ്മദ് സാഹിബിന്റെയടുത്ത്) സോൾപോണ്ടിൽവന്ന് അയാ ളുടെ ദുഷ്പ്രചാരണത്തിന്നെതിരെ എന്തെങ്കിലും ചെയ്യണമെന്ന് പറഞ്ഞു. ഞാൻ കുറച്ച് പ്രധാനപ്പെട്ട പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുകയാണെന്നും അതിനാൽ എന്റെ ഏതെങ്കിലും ശിഷ്യനെ കൂട്ടിക്കൊ ണ്ടുപോയാൽമതിയെന്നും പറഞ്ഞു. പക്ഷേ, അവി ടെന്ന് വന്ന ചീഫ്, മൗലാനാ സാഹിബ് തന്നെ അവി ടെ വരണമെന്ന് നിർബന്ധം പിടിച്ചു. അങ്ങനെ ഞാൻ (മൗലാനാ നദീർഅഹ്മദ്) ആ ഗ്രാമത്തിലെത്തി. ചുറ്റു പാടുമുള്ള ജമാഅത്തിലെ അംഗങ്ങളും ആ ദിവസം അവിടെയെത്തിയിരുന്നു. ഞാൻ എതിരാളിയായ ആ ചെറുപ്പക്കാരനോട് അറബിയിൽ സംസാരിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു. പക്ഷേ, അയാൾ അതിന് താൽപര്യം കാണിച്ചില്ല. അതും ഇതും പറഞ്ഞ് ഒഴി യാൻ തുടങ്ങി. അപ്പോൾ 'മഹ്ദിയുടെ അടയാളങ്ങൾ' എന്ന വിഷയത്തെക്കുറിച്ച് പ്രസംഗിക്കാൻ ഗ്രാമവാ സികൾ ആവശ്യപ്പെട്ടു. ഞാൻ ഒന്നേമുക്കാൽ മണി ക്കൂർ ആ വിഷയത്തെക്കുറിച്ച് പ്രസംഗിച്ചു. അതി നുശേഷം ആക്ഷേപം ഉന്നയിക്കാനും ചോദ്യം ചോദി ക്കാനും അവസരം നല്കി. എന്നാൽ ആരുംതന്നെ ബുദ്ധിപരമായ ഒരു ചോദ്യവും ചോദിച്ചില്ല. അങ്ങനെ ഒരു ദിവസം ഞാനവിടെനിന്ന് പിറ്റേന്ന് തിരിച്ചുപോ ന്നു. പക്ഷേ, രണ്ട് പാർട്ടികൾ തമ്മിൽ പോരാട്ടം ഉണ്ടാ യാൽ, വിജയത്തിന്റെ അടയാളമെന്ന നിലയിൽ വെള്ള തുണി തങ്ങളുടെ കൈകളിലും തലയിലും കെട്ടി ക്കൊണ്ട്, വെള്ളക്കൊടി പിടിച്ച് നഗരത്തിൽ ഘോഷ യാത്ര നടത്തുക എന്ന സമ്പ്രദായം ഘാനയിലുണ്ട്. അങ്ങനെയാണ് അവർ വിജയം പ്രഖ്യാപിക്കുന്നത്.

മറുപടി ഒന്നും പറയാൻ കഴിയാതിരുന്ന എതിർ പാർട്ടികളും ഇതുപോലെ ജാഥ നടത്തുകയും തങ്ങൾ വിജയിച്ചിരിക്കുന്നുവെന്ന് പ്രഖ്യാപിക്കുകയും മഹ്ദി ഇപ്പോൾ വന്നിട്ടില്ലെന്നും കാരണം ഭൂകമ്പം വന്നെ ങ്കിലേ മഹ്ദി വരികയുള്ളൂവെന്നും ഉറക്കെ വിളിച്ചു പറയുകയും ചെയ്തു. മഹ്ദി വന്നിട്ടുണ്ടെങ്കിൽ തീർച്ച യായും ഭൂകമ്പം വരുമായിരുന്നു. ഘാനയിൽ ഭൂകമ്പം വളരെ വിരളമായിട്ടേ ഉണ്ടാകുകയുള്ളൂ. ഉണ്ടായിട്ടേ ഇല്ലെന്നാണ് തോന്നുന്നത്. 8 വർഷം ഞാൻ അവിടെ താമസിച്ചതാണ്. ഒരിക്കൽപോലും ആ കാലയളവിൽ അവിടെ ഭൂകമ്പം ഉണ്ടായിട്ടില്ല. എന്തായാലും അദ്ദേഹം എഴുതുന്നു. അവരുടെ ഈ പ്രവൃത്തിയെ ക്കുറിച്ച് ഞാനറിഞ്ഞപ്പോൾ, ഞാൻ അല്ലാഹുവിന്റെ തിരുസന്നിധിയിൽ വളരെ താഴ്മയോടും വേദനയോ ടുംകൂടി ഒരാഴ്ച പ്രാർത്ഥിച്ചു. അല്ലാഹുവേ, ഈ എതി രാളികൾ ആവശ്യപ്പെടുന്നതനുസരിച്ച് മഹ്ദി(അ)ന്റെ സത്യത വെളിപെടുന്നതിനായി ഭൂകമ്പത്തിന്റെ അട യാളം നീ കാണിച്ചാലും. ആ പ്രാർത്ഥനയുടെ ഫല മായി, ഈ രാജ്യത്ത് ഭൂകമ്പത്തിന്റെ അടയാളം അല്ലാഹു കാണിക്കുമെന്ന് എനിക്ക് ദൃഢവിശ്വാസ മുണ്ടായി. ഞാൻ ഈ പ്രദേശത്ത് മൂന്നിടത്ത് യോഗം നടത്താൻ തീരുമാനിച്ചു. ഓരോ സ്ഥലത്തും എല്ലാ സംഭവങ്ങളും വിവരിച്ചുകൊണ്ട്, മഹ്ദി(അ)ന്റെ സത്യത വെളിപ്പെടുത്തുന്നതിനായി ഭൂകമ്പം തീർച്ച യായും ഉണ്ടാകുമെന്ന് പ്രഖ്യാപിച്ചു. ഇതുസംബന്ധ മായി മുമ്പേ ഉണ്ടായ ഭൂകമ്പങ്ങളെക്കുറിച്ചും പറ ഞ്ഞിരുന്നു. രണ്ട് സ്ഥലത്ത് യോഗം നടന്നതേയുള്ളൂ. മൂന്നാമത്തെ യോഗം നടത്താൻ സ്ഥലം അന്വേഷി ക്കുകയായിരുന്നു. വ്യാഴാഴ്ചയ്ക്കും വെള്ളിയാഴ്ച ക്കുമിടയിലുള്ള രാത്രിയിൽ ഇശായുടെ നേരത്ത് ഘാനയിലൊന്നടങ്കം ശക്തമായ ഭൂകമ്പമുണ്ടായി. ഭൂകമ്പത്തിന്റെ രണ്ടാം ദിവസം എന്റെ ഹെഡ്ക്വാർട്ടേ ഴ്സായ സോൾപോണ്ടിലേക്ക് മടങ്ങിപ്പോകുമ്പോൾ, ഞാൻ പോകുന്ന സ്ഥലത്തെല്ലാം ആളുകൾ എന്നെ കണ്ടുകൊണ്ട്, 'ഈ വ്യക്തി പറഞ്ഞതാണ് ഭൂകമ്പം തീർച്ചയായും ഉണ്ടാകുമെന്ന്, അതുണ്ടായി' എന്നു പറയുന്നുണ്ടായിരുന്നു. ബഹുദൈവാരാധകരും ക്രിസ്ത്യാനികളും കൈയടിച്ചുകൊണ്ട്, മുസ്ലിംക ളുടെ മഹ്ദി വന്നിരിക്കുന്നു, കാരണം ഭൂകമ്പം ഉണ്ടായി' എന്ന് വിളിച്ചുപറഞ്ഞു.

അതിനുശേഷം അദ്ദേഹം പറയുന്നു. ഞാൻ അറബിയിലും ഇംഗ്ലീഷിലും ഒരു നോട്ടീസ് അടിച്ച്, ഇമാം മഹ്ദി വന്നുവെന്നുള്ള സന്തോഷവാർത്ത കൂടുതലായി പ്രചരിപ്പിച്ചു. അക്കാരണത്താൽ അദ്ദേഹം താമസിക്കുന്നതിന് തൊട്ടടുത്തുള്ള പ്രദേ

ശങ്ങളിൽ ഈ ഭൂകമ്പം കണ്ടുകൊണ്ട് 180 പേർ ബയ്അത്ത് ചെയ്തു.

***ശേയ്ഖ് സയ്നുൽ ആബ്ദീൻസാഹിബും ഹാഫിള് ഹാമിദലിസാഹിബും*** തങ്ങളുടെ കിഴക്കൻ ആഫ്രിക്കയിലെ പര്യടനത്തെക്കുറിച്ച് പ്രതിപാദിച്ചുകൊണ്ട് അല്ലാഹു തങ്ങളെ എങ്ങനെയാണ് സഹായിച്ചതെന്ന് എഴുതുന്നു.

ഞങ്ങൾ കപ്പലിൽ യാത്ര തുടങ്ങി. ആയിരം പേർ കപ്പലിൽ യാത്രയ്ക്കുണ്ടായിരുന്നു. ആഫ്രിക്കയിലെത്താൻ കുറച്ചുദിവസം ബാക്കിയുണ്ട്. അർദ്ധരാത്രി കപ്പിത്താൻ കപ്പൽ കൊടുങ്കാറ്റിൽ പെട്ടിരിക്കുന്നുവെന്നും, കേടുപറ്റിയിരിക്കുന്നുവെന്നും രക്ഷപ്പെടാൻ ഒരു മാർഗ്ഗവുമില്ലെന്നും പ്രാർത്ഥിക്കുകയെന്നും വിളംബരം ചെയ്തു. ശേയ്ഖ് സാഹിബ് പറയുന്നു: ഹാമിദലി സാഹിബ് എന്നെ വിളിച്ചു. ആളുകളെന്തിനാണ് കരയുന്നതെന്ന് ഞാൻ ചോദിച്ചു. ഞാൻ വിഷമിക്കുകയില്ലെന്ന് ഉറപ്പ് വങ്ങിയതിനുശേഷം ഹാഫിസ് സാഹിബ് പറഞ്ഞു. അതുകൊണ്ട് പ്രാർത്ഥിക്കുക. പക്ഷേ, കപ്പലിന് മുങ്ങാൻ സാധിക്കുകയില്ലെന്ന് ഞാൻ അദ്ദേഹത്തോട് പറഞ്ഞു. കാരണം ഇതിൽ മസീഹിന്റെ രണ്ട് ഹവാരികൾ ഇരിക്കുന്നുണ്ട്. ദൈവനിയോഗിതൻ (ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ കാര്യം ശെയ്ഖ് സൈനുൽആബ്ദീൻ സാഹിബ് സ്മരിക്കുകയാണ്) എന്നെ സുവാർത്ത അറിയിച്ചിട്ടുണ്ട്. അതായത് നിങ്ങൾ രണ്ട് സഹോദരങ്ങളും ആഫ്രിക്കയിൽ പോകുകയെന്നും അവിടെ നിന്ന് ഒരു വിഷമവും കൂടാതെ ഫലം കരസ്ഥമാക്കിക്കൊണ്ട് തിരിച്ചുവരുന്നതാണെന്നും. ഹാമിദലി പറഞ്ഞു: ഹുസൂറിന്റെ വാക്കുകളിൽ വ്യാഖ്യാനാർഹമായ എന്തെങ്കിലും കാര്യമുണ്ടോ എന്ന് അറിയില്ലല്ലോ. അങ്ങനെയൊരിക്കലുമില്ലെന്ന് ഞാൻ പറഞ്ഞു. എനിക്ക് ദൃഢമായ വിശ്വാസമുണ്ട്, ഹുസൂറിന്റെ വായിൽനിന്ന് ഞാൻ കേട്ടത് അതുപോലെതന്നെ സംഭവിക്കും. ഉടനെതന്നെ പ്രാർത്ഥനയിൽ ചേരുകയും ചെയ്തു. ഒന്നരമണിക്കൂറിനുശേഷം, കപ്പൽ അപകടത്തിൽനിന്നും സുരക്ഷിതമായിട്ടുണ്ടെന്നും സമാധാനമായെന്നും കപ്പിത്താൻ വിളംബരം ചെയ്തു. നാലാമത്തെ ദിവസം ഞങ്ങൾ കിഴക്കൻ ആഫ്രിക്കയിലെത്തി. 8 ദിവസം കപ്പൽ അവിടെ നങ്കൂരമിട്ടു. പിന്നീടത് സൻജബാറിലേക്കുപോയി. ഒരു ദിവസത്തിനുശേഷം ആ കപ്പൽ വഴിയിൽ മുങ്ങുകയും ചെയ്തു. (അവരെ ഇറക്കിയതിനുശേഷം)

എന്റെ പിതൃസഹോദരൻ ശഹാബുദ്ദീൻ സാഹിബ് ബട്ടാലയിൽവെച്ച് ഈ വാർത്ത പത്രത്തിൽ വായിച്ചു. (സാധനങ്ങൾ വങ്ങാൻ പോയതാണ്) തിരിച്ചുവന്ന് സഹോദരൻ ഫഖീറലിയോട് കാര്യം പറഞ്ഞു. വീട്ടിൽ പറയണ്ട, ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ തീർച്ചയായും ഇത് അറിയിക്കണം. രണ്ടുപേരും ഖാദിയാനിൽവന്നു. ഹസ്റത്ത് സാഹിബിനെ കണ്ടപ്പോൾ കരയാൻ തുടങ്ങി. ഹുസൂർ കാര്യം ചോദിച്ചു. അവർ ഈ വാർത്ത അറിയിച്ചു. എന്നിട്ട് അവർ രണ്ടുപേരും മുങ്ങിമരിച്ചിട്ടുണ്ടാകും എന്നും പറഞ്ഞു. ഹുസൂർ(അ) പറഞ്ഞു: ഒരിക്കലും അങ്ങനെ സംഭവിക്കുകയില്ല. (നോക്കുക! എത്രമാത്രം ദൃഢവിശ്വാസമായിരുന്നു ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്) അവർ ജീവിച്ചിരിപ്പുണ്ട്. വീട്ടിൽപോയിനോക്കുക. നിങ്ങളുടെ വീട്ടിൽ വരുന്ന കത്തുകളിൽ തീർച്ചയായും നിങ്ങളുടെ സഹോദരന്മാരുടെ കത്തുണ്ടാകും. എനിക്കും കത്തു വരുന്നുണ്ട്. എനിക്കാണ് ആദ്യം കത്തുകിട്ടുന്നതെങ്കിൽ ഞാൻ നിങ്ങൾക്ക് അതെത്തിക്കുന്നതാണ്. നിങ്ങൾക്കാണ് ആദ്യം കിട്ടുന്നതെങ്കിൽ എനിക്കും എത്തിക്കണം.

**മൗലാനാ മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് (റ)** പറയുന്നു. 1942 മാർച്ച് 6-നുള്ളിൽ ഇന്തോനേഷ്യയുടെമേൽ ജപ്പാൻ നിയന്ത്രണം പിടിച്ചുപറ്റിയിരുന്നു. തങ്ങൾക്കു തോന്നുന്നതുപോലെ അവർ നടപടി നടത്താനും തുടങ്ങി. ആരെയെങ്കിലും കുറിച്ച് പരാതി ലഭിച്ചാൽ അവന്റെ മരണകാരണം ഇതുതന്നെയാകുമായിരുന്നു. ഒരു അന്വേഷണമോ, ചോദ്യം ചെയ്യലോ ഉണ്ടായിരുന്നില്ല. വിധിമാത്രം കേൾപ്പിക്കും. എന്നല്ല, അത് കേൾപ്പിക്കുന്നതുപോലും ആവശ്യമുള്ളതായി കരുതിയിരുന്നില്ല. ഉടനെതന്നെ അത് നടപ്പിൽ വരുത്തുകയും ചെയ്യുമായിരുന്നു. അദ്ദേഹം പറയുന്നു: ജപ്പാൻ ഭരണകൂടം എന്നേയും കൊല്ലാൻ വിധിച്ചു. അറിയിച്ചയാൾ പറഞ്ഞത് എന്നെക്കുറിച്ച് രണ്ട് പരാതികൾ അയച്ചിട്ടുണ്ടെന്നാണ്. (1) അഹ്മദിയ്യാ ജമാഅത്ത് ബ്രിട്ടീഷ് ഭരണത്തിന്റെ അനുകൂലികളാണ്. (2) ജപ്പാനിലെ ഇംഗ്ലീഷുകാരോടും അമേരിക്കയോടുമുള്ള ഈ യുദ്ധം അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ജിഹാദാണെന്ന് സുമാത്രയിലുള്ള ഉലമാക്കൾ മതവിധി പുറപ്പെടുവിച്ചിരിക്കുന്നു. സാദിഖ് സാഹിബ് പറയുന്നു: ഞാൻ അത്തരം മതവിധി പുറപ്പെടുവിക്കുന്നതിനെ നിഷേധിച്ചിരുന്നു. എന്നല്ല അതിന്നെതിരിൽ ലേഖനവും എഴുതിയിരുന്നു.

സാദിഖ് സാഹിബ് തുടർന്നു പറഞ്ഞു: തഹ

ജ്ജുദ് നമസ്കാരം കൃത്യമായി അനുഷ്ഠിക്കാനുള്ള ഏർപ്പാട് ചെയ്യാൻ ഞാൻ ജമാഅത്തിനോട് പറഞ്ഞു. പ്രാർത്ഥിക്കാനും ആർക്കെങ്കിലും സ്വപ്നദർശനമോ ദിവ്യദർശനമോ ഉണ്ടായാൽ എന്നോട് പറയണമെന്നും നിർദ്ദേശിച്ചു. ഈ ആഹ്വാനത്തിനുശേഷം ഞാനും സദാ പ്രാർത്ഥനയിൽ മുഴുകി. എന്നല്ല അടിമുടി പ്രാർത്ഥനയായിത്തീർന്നു. എപ്പോഴും എന്റെ യഥാർത്ഥ യജമാനന്റെ മേലായിരുന്നു ദൃഷ്ടി. പറയുന്നു: എനിക്ക് നല്ല ഓർമ്മയുണ്ട്. നാലാമത്തെ രാത്രി തഹജ്ജുദ് നമസ്കാരത്തിനുശേഷം സുബ്ഹി നമസ്കാരത്തിനു മുമ്പേ ഞാൻ അല്പം കിടന്നു. അപ്പോൾ ഒരു ഭിത്തിയിൽ തടിച്ച അക്ഷരത്തിൽ 'ദാനിയേൽ നബിയുടെ പുസ്തകത്തിന്റെ 5-ാമത്തെ അദ്ധ്യായം വായിക്കുക' എന്ന് എഴുതിയിരിക്കുന്നതു കണ്ടു. ബാങ്കു കൊടുത്തു. സുബ്ഹി നമസ്കാരത്തിനായി ഉണർന്നു. സഹോദരന്മാരോട് താൻകണ്ട സ്വപ്നത്തെക്കുറിച്ച് പറഞ്ഞു. ദാനിയേൽ നബിയുടെ പുസ്തകത്തിന്റെ 5-ാം അദ്ധ്യായം തുറന്ന് അതിലെന്താണ് എഴുതിയിരിക്കുന്നതെന്ന് നോക്കി. നെബൂഖദ്നേസറിനുശേഷം അദ്ദേഹത്തിന്റെ മകൻ ബേൽശസ്സർ രാജാവായി. ഇയാൾ ബിംബാരാധകനും ദ്രോഹിയുമായിരുന്നു. അയാൾ ഒരു ദീർഘമായ സ്വപ്നം കണ്ടിരുന്നു. ജനങ്ങളെ വിളിച്ചുകൂട്ടി അയാൾ അതിന്റെ വ്യാഖ്യാനം ചോദിച്ചു. തങ്ങൾക്കതറിയില്ലെന്ന് അവരെല്ലാവരും പറഞ്ഞു. അവസാനം ദാനിയേലിനെ രാജാവിന്റെ സന്നിധിയിൽ ഹാജരാക്കി. അയാൾ പറഞ്ഞു. രാജാവേ! ദൈവത്തിൽ നിന്നുള്ളതാണിത്. മെനേ, മെനേ. തെക്കേൽ. ഊഫർസീൻ. മെനേ എന്നുവെച്ചാൽ ദൈവം നിന്റെ രാജത്വം എണ്ണി, അതിനു അന്ത്യം വരുത്തിയിരിക്കുന്നു. തെക്കേൽ എന്നുവെച്ചാൽ, തുലാസിൽ നിന്നെ തൂക്കി, കുറവുള്ളവനായി കണ്ടിരിക്കുന്നു. പെറേസ് എന്നുവെച്ചാൽ, നിന്റെ രാജ്യം വിഭാഗിച്ചു മേദ്യർക്കും പാർസികൾക്കും കൊടുത്തിരിക്കുന്നു. നബി ദാനിയേൽ ഈ വ്യാഖ്യാനം പറഞ്ഞദിവസം, ബേൽശസ്സർ വധിക്കപ്പെടുകയും മേദ്യനായ ദാര്യാവേശ് 62-ാം വയസ്സിൽ രാജത്വം പ്രാപിച്ചു.

ഈ സ്വപ്നമാണ് അവരെ സാദിഖ് സാഹിബ് കേൾപ്പിച്ചത്. ഇതിൽനിന്ന് ജപ്പാനീ ഭരണകൂടത്തിനും ബേൽശസ്സർ ഭരണകൂടത്തിനുണ്ടായ അതേ അന്ത്യം തന്നെയായിരിക്കും ഉണ്ടാകുന്നതെന്ന് മനസ്സിലാകുന്നു. ഞാനീ സ്വപ്നം കണ്ടത് 1945 ഏപ്രിൽ അവസാനമോ, മെയ് ആദ്യമോ ആണ്. പല ഹിന്ദുക്കളേയും ക്രിസ്ത്യാനികളേയും ഈ സ്വപ്നം ഞാൻ കേൾപ്പിച്ചിരുന്നു. അതേവർഷം ആഗസ്റ്റ് 14-ന് ഹിരോഷിമ നാഗസാക്കി എന്നീ സ്ഥലങ്ങളിൽ ആറ്റംബോംബ് വർഷിക്കപ്പെട്ടു. ജപ്പാനീഭരണവും മറിഞ്ഞുവീണു. ആ നാളുകളിൽ ജപ്പാനീഭരണകൂടത്തിന്റെ കടലാസ്സുകൾക്കിടയിൽനിന്ന് ഒരു കത്തുകിട്ടി. അതിൽ 1945 ആഗസ്റ്റ് 23/24, ഇടയ്ക്കുള്ള രാത്രി 65 ആളുകളെ കൊല്ലാനുള്ള ആഹ്വാനം ചെയ്തിരുന്നു. അതിലെ ആദ്യത്തെ പേര് എന്റേതായിരുന്നു. (അതായത് മൗലാനാ സാദിഖ് സാഹിബിനെ വധിക്കാനുള്ള തീരുമാനം. എന്നാൽ അല്ലാഹു ഈ രീതിയിൽ അദ്ദേഹത്തെ സുരക്ഷിതനാക്കിവെച്ചു.)

പറയുന്നു: ഈ വിധി നടപ്പാക്കാൻ വെറും പത്തുദിവസമേ ബാക്കിയുണ്ടായിരുന്നുള്ളൂ. സർവ്വശക്തനും എല്ലാത്തിനേയും നിലനിർത്തുന്നവനുമായ അല്ലാഹു തന്റെ നിരാലംബരും നിസ്സഹായരുമായ ആളുകളുടെ വിലാപം കേൾക്കുന്നവനാണ്. തന്റെ ദാസന്റെമേൽ കൈവയ്ക്കുന്നതിനുമുമ്പേ ജപ്പാൻ ഭരണകൂടത്തെ നശിപ്പിച്ചു. അവരുടെ എല്ലാ ശക്തിയേയും ചവുട്ടിമെതിച്ചു.

പറയുന്നു: നല്ലവണ്ണം ഓർമ്മിച്ചുകൊള്ളുക. ഈ ഉണ്ടായതൊന്നും എന്റെ എന്തെങ്കിലും ഗുണം കൊണ്ടുണ്ടായതല്ല. ഉണ്ടായതൊക്കെ കാലത്തിന്റെ മസീഹും മഹ്ദിയുമായ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യത വെളിവാക്കുന്നതിനുവേണ്ടി, ദൈവികാടയാളമെന്ന നിലയിലാണുണ്ടായത്. എന്തുകൊണ്ടെന്നാൽ, ആ പ്രിയപ്പെട്ട മസീഹിനെ പിൻപറ്റിയതിനാലാണ് കുറ്റവാളിയെന്ന് മുദ്രയടിക്കപ്പെട്ടത്.

**ഹസ്റത്ത് മൗലാനാ ശേയ്ഖ് വാഹിദ് സാഹിബ്** എഴുതുന്നു. 1968-ൽ ഞാൻ ഫിജിയിലെ പ്രസിദ്ധ പട്ടണമായ 'ബാ'യിൽ അഹ്മദിയ്യാ മിഷന്റെ ബ്രാഞ്ച് തുറക്കുന്നതിന് തീരുമാനിച്ചു. അതിനുവേണ്ടി അനുയോജ്യമായ ഒരു വീടും വാങ്ങി. അപ്പോൾ ആ പട്ടണത്തിൽ ശക്തമായ എതിർപ്പുണ്ടായി. എന്തുവന്നാലും ഇസ്ലാമിക തബ്ലീഗിന്റെ ഈ മിഷൻ 'ബാ' പട്ടണത്തിൽ വിജയിക്കാൻ വിടുകയില്ലെന്ന തരത്തിലുള്ളതായിരുന്നു എതിരാളിയുടെ പ്രവർത്തനം. നമ്മുടെ ചുവട് അവിടെ ഉറയ്ക്കാൻ പാടില്ല. അവിടെത്തെ നമ്മുടെ ശത്രു മൂപ്പനായിരുന്നു അബൂബക്കർ കൊയ്യ. അയാൾ സമ്പന്നനും കഴിവുള്ളവനുമായിരുന്നു. അയാളും മറ്റുള്ള എതിരാളികളും ചേർന്നുകൊണ്ട്, അഹ്മദികളുടെ ബാ മിഷൻ കത്തി

ക്കുമെന്ന് വിളംബരം ചെയ്തു. നമ്മളെക്കൊണ്ടാകും വിധം നമ്മൾ സുരക്ഷിതത്വത്തിനുള്ള ഏർപ്പാട് ചെയ്തിരുന്നു. അടുത്തുണ്ടായിരുന്ന പോലീസ് സ്റ്റേഷനിലും വിവരം അറിയിച്ചു. തങ്ങൾ നോക്കി കൊള്ളാമെന്ന് പോലീസുകാർ പറഞ്ഞു. എന്നിട്ടും ഒരു രാത്രി മിഷന് കേടുവരുത്താൻ എതിരാളിയ്ക്ക് സന്ദർഭം കിട്ടി. അവരിൽ ഒരാൾ നമ്മുടെ മിഷന്റെ ഒരുഭാഗത്ത് എണ്ണയൊഴിച്ച് തീകൊടുത്തു. തീ എല്ലായിടത്തും പരക്കുമെന്ന ദൃഢവിശ്വാസത്തോടെ അവർ കടന്നുകളഞ്ഞു. കാരണം തടികൊണ്ടുള്ള ഭാഗമായിരുന്നു അത്. പക്ഷേ, അല്ലാഹു എന്താണ് ചെയ്തത്. നമ്മൾ അറിയുന്നതിനുമുമ്പേതന്നെ, ആ അഗ്നി നമുക്കൊരു നഷ്ടവും വരുത്താതെ സ്വയം അണഞ്ഞുപോയി. പറയുന്നു. ഞങ്ങൾ ഒരു യാത്ര യിലായിരുന്നു. തിരിച്ചുവന്നപ്പോൾ തീ പിടിച്ച ഭാഗം ഞങ്ങൾ കണ്ടു. ചില തടിക്കഷണങ്ങൾ കത്തിഅ മർന്നിട്ടുണ്ട്. എന്നാൽ അത് പടർന്നുപിടിക്കുന്നതിനു മുമ്പേ അണഞ്ഞുപോയി, അന്നുതന്നെ അത് നന്നാ ക്കുകയും ചെയ്തു. കേടുവന്നഭാഗം ഞങ്ങൾ പരി ശോധിച്ചുകൊണ്ടിരിക്കുമ്പോൾ മുബല്ലിഗ് ഇൻചാർജായ **മൗലാനാ നൂറുൽ ഹഖ് സാഹിബ് അൻവർ** ഈ തീപിടിച്ച മുറിയിൽ നിന്നുകൊണ്ട് വളരെ വിലപിച്ച് പറഞ്ഞു: അല്ലാഹുവിന്റെ മതമായ ഇസ്‌ലാമിനെ പ്രചരിപ്പിക്കുന്നതിനുള്ള ഈ കേന്ദ്രത്തെ കത്തിക്കാൻ ശ്രമിച്ചവന്റെ വീട് അല്ലാഹു തീപിടിപ്പിച്ച് നശിപ്പിക്കുമാറാകട്ടെ. അതിനു കുറച്ച് ദിവസം കഴിഞ്ഞപ്പോൾ പെട്ടെന്ന്, 'ബാ'യിലുള്ള നമ്മുടെ എതിരാളികളുടെ നേതാവായ അബൂബക്കർ കൊയ്യായുടെ വീടിന് തീപിടിച്ചു. അണയ്ക്കാനുള്ള ശ്രമം തീവ്രമായിരുന്നിട്ടും അത് മുഴുവൻ കത്തിച്ചാമ്പലായിപ്പോയി.

**മൗലാനാ ഗുലാം ഹുസയ്ൻ സാഹിബി**നെ സംബന്ധിച്ച് പറയുന്നു: ഇംഗ്ലീഷുകാർ തിരിച്ചുവരാൻ തുടങ്ങുമ്പോൾ, രണ്ടുഭാഗത്തുനിന്നും ബോംബു വർഷം നടക്കുകയായിരുന്നു. ഒരു ബോംബ് പൊട്ടിയ കാരണത്താൽ അദ്ദേഹം താമസിച്ചിരുന്ന പ്രദേശത്ത് അഗ്നിപടർന്നുപിടിച്ചു. അഗ്നിപടർന്ന് പടർന്ന് എന്റെ വീട്ടിന്നടുത്തെത്താൻ തുടങ്ങി. ജമാഅത്തംഗങ്ങൾ ഇതുകണ്ട് പരിഭ്രമിച്ചു. മൗലവി സാഹിബിന്റെ വീട്ടി ന്നടുത്ത് തടികൾ കത്തി അമരുന്നുണ്ടായിരുന്നു. സാധനങ്ങൾ വീട്ടിൽനിന്ന് പുറത്തെടുക്കാൻപോലും വിഷമമാണെന്ന് കരുതിയ ഘട്ടമായിരുന്നു അത്. ആളുകൾ സാധനങ്ങൾ വെളിയിലെടുക്കാൻ മുതിർന്നപ്പോൾ, മൗലവി സാഹിബ് അവരെ തടഞ്ഞു കൊണ്ട് പറഞ്ഞു: നിങ്ങൾ പരിഭ്രമിക്കേണ്ട. ഹസ്‌റത്ത് മസീഹ് മൗഊദ്(അ)ന് 'തീ നമ്മുടെ അടിമയാണ്, എന്നല്ല അടിമയുടെ അടിമയാണ്' എന്ന് ഇൽഹാം ഉണ്ടായിട്ടുണ്ട്. അഞ്ചുമൻ അഹ്മദിയ്യാക്ക് നഷ്ടം വരു ത്താൻ ഈ തീയ്ക്ക് സാധിക്കുകയില്ല. അങ്ങനെ അല്ലാഹു ബലഹീനരായ നമ്മുടെ വിലാപം കേട്ടു. പ്രാർത്ഥന സ്വീകരിച്ചു. മൗലവി സാഹിബിന്റെ വായിൽനിന്ന് ഈ വാക്കുകൾ പുറത്തുവന്നതേയു ള്ളൂ, തീയുടെ ഗതിമാറി. തീ വീടിന്റെ മുന്നിലും പിന്നി ലുമുള്ള വീടുകളെല്ലാം നശിപ്പിച്ചു. പക്ഷേ, നമ്മുടെ അത്രയും ഭാഗവും അടുത്തുള്ള ഒരു വീടും സുര ക്ഷിതമായിനിലനിന്നു.

**ഹസ്‌റത്ത് മൗലാനാ ഗുലാം റസൂൽ സാഹിബ് രാജകീ(റ)** പറയുന്നു: ഇത്തരം ഒരു സംഭവം ഗുരു ദാസ്പൂർ ജില്ലയിലെ ഗാസികോട്ട് എന്ന സ്ഥലത്തുമു ണ്ടായി. ഗ്രാമത്തിലെ നേതാവും നിഷ്ക്കളങ്കസ്നേ ഹിതനുമായ ചൗദ്ദരീ നഥേഖാൻസാഹിബ് അവിടെ ഒരു പ്രചാരണയോഗം വയ്ക്കാനുള്ള ഏർപ്പാട് ചെയ്തു. മുബല്ലിഗുമാർക്കും പ്രസംഗകർക്കും പുറമെ ചുറ്റുപാടുമുള്ള അഹ്മദി സഹോദരങ്ങളേയും ഇതിൽ പങ്കെടുക്കാൻ ക്ഷണിച്ചിരുന്നു. രണ്ട് ദിവസ മായിരുന്നു യോഗം. ഈ യോഗത്തെക്കുറിച്ച് അന ഹ്മദികൾ അറിഞ്ഞപ്പോൾ അവരും ചീത്തപറയു കയും പഴിപറയുകയും ചെയ്യുന്നതിൽ പ്രസിദ്ധി യാർജ്ജിച്ച ഉലമാക്കളെ ക്ഷണിച്ചുവരുത്തുകയും നമ്മുടെ യോഗസ്ഥലത്തിന്റെ തൊട്ടുതന്നെ തങ്ങളുടെ പന്തലുകെട്ടി, സ്റ്റേജുണ്ടാക്കി, സാധാരണ ചെയ്യാറു ള്ളതുപോലെ ജമാഅത്തിന്റെ നേതാക്കൾക്കും മഹാ ത്മാക്കൾമെതിരെ പുളിച്ച ചീത്ത പറയാൻ തുടങ്ങി. കുറച്ചുസമയമേ ആയിട്ടുള്ളൂ, ഒരുഭാഗത്തുനിന്ന് ശക്തമായ പൊടിക്കാറ്റ് ആഞ്ഞുവീശാൻ തുടങ്ങി. (ഹസ്‌റത്ത് അഹ്മദ്(അ) പറഞ്ഞതുപോലെ, ചില പ്പോൾ അത് പൊടിപടലങ്ങളായിക്കൊണ്ട് ശത്രുക്ക ളുടെമേൽ പതിക്കുന്നു. ദൈവത്തിന്റെ പരിശുദ്ധരായ ആളുകൾക്ക്, ദൈവത്തിൽനിന്ന് സഹായം ലഭിക്കു ന്നു. അത് വന്നുകഴിഞ്ഞാൽ ലോകത്തെ പുതിയൊരു ലോകമാക്കി കാണിക്കുന്നു) അത് അവരുടെ യോഗ സ്ഥലത്തേക്ക് തിരിഞ്ഞു. അവരുടെ പന്തലുകൾ പറന്ന് വേറൊരിടത്ത് പോയിവീണു. തുണികൊ ണ്ടുള്ള മറ മറ്റൊരുഭാഗത്തേക്കും പറന്നുപോയി. യോഗത്തിൽ പങ്കെടുത്തവരുടെ മുഖവും തലയും തിരിച്ചറിയാൻ പറ്റാത്തവിധം പൊടിപടലങ്ങൾ

കൊണ്ട് മൂടി. ഉച്ചയ്ക്ക് 12 മണിവരെയായിരുന്നു അനഹ്മദികളുടെ പരിപാടി. അതെല്ലാം ശക്തമായ പൊടിക്കാറ്റ് പറത്തിക്കളഞ്ഞു. നമ്മുടെ യോഗം ആരംഭിക്കേണ്ടത് 12 മണിക്കായിരുന്നു. ആദ്യപ്രസംഗം എന്റേതായിരുന്നു. ശക്തമായ പൊടിക്കാറ്റ് വീശിക്കൊണ്ടിരുന്നു. പ്രസംഗത്തിന് എന്നെ സ്റ്റേജിലേക്ക് വിളിച്ചു. നമ്മുടെ ഈ യോഗം എല്ലാവിധത്തിലും വിജയം വരിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കാൻ ഞാൻ എല്ലാവരോടും പറഞ്ഞു. ഞാൻ എല്ലാവരോടുമൊപ്പം പ്രാർത്ഥിക്കാൻ കൈയുയർത്തി. അല്ലാഹുവിന്റെ തിരുസന്നിധിയിൽ അപേക്ഷിച്ചു. മൗലാകരീം! സത്യവിശ്വാസിയും കളങ്കരഹിതനും- നിഷേധിക്കും കലഹക്കാരനും തുല്യരാകുകയില്ലെന്ന് നീ തന്നെയാണ് വിശുദ്ധഖുർആനിൽ പറഞ്ഞിട്ടുള്ളത്. അനഹ്മദികൾ ഈ യോഗം സംഘടിപ്പിച്ചത് നിന്റെ പരിശുദ്ധ മസീഹിനെ ചീത്തപറയാനും പരിഹസിക്കാനുമല്ലാതെ മറ്റൊന്നിനുമല്ലെന്ന് നിനക്കറിയാം. നമ്മുടെ ഉദ്ദേശ്യം നിന്റെ പരിശുദ്ധ മസീഹിന്റെ സത്യസാക്ഷ്യവും സൽഗുണങ്ങളും വിവരിക്കാനല്ലാതെ മറ്റൊന്നുമല്ലെന്നും നിനക്കറിയാം. ഈ രണ്ട് ഉദ്ദേശ്യങ്ങളിലും എന്തെങ്കിലും വ്യത്യാസം നിന്റെ പക്കലുണ്ടെങ്കിൽ ഈ ശക്തമായ പൊടിക്കാറ്റു മുഖേന ആ വ്യത്യാസം വെളിപ്പെടുത്തിയാലും. ഈ പൊടിക്കാറ്റിനെ നിയന്ത്രിക്കുന്ന മലക്കുകളോട് ഇതിനെ ശമിപ്പിക്കാൻ കല്പിച്ചാലും. അങ്ങനെ ഇവർക്ക് യോഗനടപടികൾ നടത്താനും അല്ലാഹുവിന്റെ വചനത്തെ ഉയർത്തിക്കാണിക്കാനും അവസരം ഒരുക്കിത്തരിക.

ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും ജമാഅത്തിലെ എല്ലാ അംഗങ്ങളും എന്നോടൊപ്പം കൈയുയർത്തി പ്രാർത്ഥിക്കുകയും ചെയ്ത സന്ദർഭം. പെട്ടെന്ന് ആഞ്ഞടിച്ചിരുന്ന പൊടിക്കാറ്റ് നിലച്ചു. ആദ്യം തണുത്തകാറ്റ് വീശാൻ തുടങ്ങി. കുറച്ചു സമയത്തിനുള്ളിൽ പൂർണ്ണമായും അവസാനിച്ചു.

ശത്രുക്കളുടെമേൽ പതിച്ച അതേകാറ്റ് നമ്മുടെ പരിപാടി ആരംഭിക്കേണ്ട സമയമെത്തിയപ്പോൾ നിലച്ചു. പറയുന്നു. അല്ലാഹുവിന്റെ സഹായത്തിന്റെ ഈ എല്ലാ അത്ഭുതകർമ്മവും അവന്റെ പരിശുദ്ധനായ വാഗ്ദത്ത മസീഹിനും റസൂൽ (സ)ന്റെ ഉപനായകനും അവിടത്തെ മഹാന്മാരായ ഖലീഫമാർക്കും വേണ്ടി അവരുടെ അനുഗ്രഹത്താൽ വെളിപ്പെട്ടതാണ്. ***ഫൽഹംദുല്ലാഹി അലാ ദാലിക്***

എന്നിട്ട് **മൗലാനാ ഗുലാം റസൂൽ സാഹിബ്** പറയുന്നു: സയ്യിദുനാ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി അയ്യദഹുല്ലായുടെ നിർദ്ദേശമനുസരിച്ച് ഇന്ത്യയിൽ പര്യടനം നടത്താൻ നാലുപേരടങ്ങുന്ന ഒരു സംഘം അയക്കപ്പെട്ടു. അതിൽ ഞാനും, മുഹമ്മദ് സലീം സാഹിബ് ഫാസിലും മഹാശ മുഹമ്മദ് ഉമർ സാഹിബും ഗ്യാനീ ഇബാദുല്ലാഹ് സാഹിബും ഉൾപ്പെട്ടിരുന്നു. ഞങ്ങൾ ആദ്യം കൽക്കത്തയിലെത്തി. അവിടെനിന്ന് ടാടനഗർ, ജംശഡ്പൂർ വഴി കേരംഗിലെത്തി. കേരംഗ് വലിയ ജമാഅത്താണ്. അത് മൗലവി അബ്ദുർറഹീം സാഹിബ് പഞ്ചാബി മുഖേന സ്ഥാപിതമായതാണ്. കേരംഗിന് ചുറ്റും ഗ്രാമങ്ങളിൽ തബ്ലീഗ് ചെയ്യുന്നതിനായി ഞങ്ങൾ പോയിക്കൊണ്ടിരുന്നു. ഒരിക്കൽ ഒരു ഗ്രാമത്തിലേക്ക് ഞങ്ങൾ പോകുകയായിരുന്നു. വഴയിൽ ഒരു പാമ്പിനെ കണ്ടു. ഞങ്ങൾ ഉയർന്ന സ്ഥലത്തേക്കുള്ള ഒരു വഴിയിലൂടെ കയറുകയാണ്. ആ വലിയ പാമ്പ് താഴ്ചയിലേക്ക് ഇറങ്ങുകയായിരുന്നു. എന്തായാലും അത് അപകടം ഒന്നും ഉണ്ടാക്കാതെ കടന്നുപോയി.

കേരംഗിൽനിന്ന് ഞങ്ങൾ ഭദ്രക്കിലെത്തി. ഇത് **മൗലവി നൂർ മുഹമ്മദ് ഖാൻ സാഹിബി**ന്റെ ജന്മസ്ഥലമായിരുന്നു. ഖാൻസാഹിബ് പോലീസിൽ ഉന്നതഉദ്യോഗസ്ഥനായിരുന്നു. ഭദ്രക്കിൽ മറ്റു മാന്യരായ ആളുകൾക്കും ആദരണീയരായ വ്യക്തികൾക്കും പുറമെ ഒരു ഹിന്ദു 'മഹൻതു'മായും കൂടിക്കാഴ്ച നടന്നു. അദ്ദേഹം അവിടെത്തെ നേതാവായിരുന്നു. അദ്ദേഹം ഞങ്ങൾക്ക് ആതിഥ്യത്തിനുള്ള ഏർപ്പാടും ചെയ്തിരുന്നു. തന്റെ വിശാലമായ സത്രത്തിൽ ഞങ്ങൾക്ക് യോഗം നടത്താനും പ്രസംഗിക്കാനും അനുമതിയും തന്നു. ഈ സത്രത്തിന്റെ ഒരുഭാഗത്ത് ഹിന്ദുക്കളുടെ ബിംബാലയത്തിന്റെ സ്മരണകളും ബിംബങ്ങളും സ്ഥാപിച്ചിരുന്നു.

നമ്മുടെ പ്രസംഗം തുടങ്ങിയപ്പോൾ, മഴ പെയ്യാൻ തുടങ്ങി. പായ്കളും മറ്റും നനയാൻ തുടങ്ങി. ആ സമയത്ത് അഹ്മദികളുടെ മനസ്സ് പ്രസംഗത്തിന് മുടക്കം വന്ന കാരണത്താൽ വല്ലാതെ വിഷമിച്ചു. എന്റെ മനസ്സിലും വല്ലാത്ത വിഷമം ഉണ്ടായി. എന്റെ മനസ്സിൽ പ്രാർത്ഥിക്കുന്നതിനായി ആവേശം തലതല്ലി. ഞാൻ പ്രാർത്ഥിച്ചു. ഞങ്ങളുടെ രക്ഷകാ! ഞങ്ങൾ ഈ ബിംബാലയത്തിൽ നിന്റെ ഏകത്വവും അഹ്മദിയ്യത്തിന്റെ സന്ദേശവും എത്തിക്കാനാഗ്രഹി

ക്കുന്നു. നിന്റെ പരിശുദ്ധനായ ഖലീഫയും വാഗ്ദത്ത പരിവർത്തനകാരിയും അയച്ചിട്ടാണ് ഞങ്ങൾ ഇവിടെ വന്നത്. പക്ഷേ, ആകാശീയമായ വ്യവസ്ഥിതിയും മേഘത്തിന്റെ ഏർപ്പാടുകൾ ചെയ്യുന്ന മലക്കുകളും മഴ പെയ്യിച്ച് ഞങ്ങളുടെ ഈ ഉദ്ദേശ്യത്തിൽ വിഘ്നം വരുത്തുകയാണ്. ഞാനിങ്ങനെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ, ഇറ്റിറ്റു വീണുകൊണ്ടിരുന്ന മഴതുള്ളികൾ നിലയ്ക്കാൻ തുടങ്ങി. മഴയാണെന്നു കരുതി യോഗസ്ഥലത്ത് നിന്ന് എണീറ്റ് പോകാനൊരുങ്ങിയവരെ പോകരുതെന്ന് പറഞ്ഞു ഞാൻ തടഞ്ഞു. ഇനി മഴ പെയ്യുകയില്ലെന്ന് പറയുകയും ചെയ്തു. ജനങ്ങൾ സമാധാനത്തോടെ ഇരുന്ന് പ്രസംഗങ്ങൾ കേട്ടു. എല്ലാ മുബല്ലിഗുമാരും പ്രസംഗിച്ചു. മഴ പെയ്തില്ല. കുറച്ചുസമയത്തിനുള്ളിൽ അന്തരീക്ഷം തെളിഞ്ഞു. ഫൽഹംദുലില്ലാഹി അലാദാലിക്.

**മൗലാനാ മുഹമ്മദ് സാദിഖ് സാഹിബ്(റ)** ഇന്തോനേഷ്യയിൽ നടന്ന ഒരു സംഭവം ഇങ്ങനെ വിവരിക്കുന്നു. പർദാൻ പട്ടണത്തിൽ പരേതനായ ഹസ്റത്ത് മൗലവി റഹ്മത്തലി സാഹിബ്, അഹ്മദി തയ്യൽക്കാരനായ മുഹമ്മദ് യൂസുഫ് സാഹിബിന്റെ കടയിൽ ഇരിക്കുകയായിരുന്നു. ഹോളണ്ടിലെ ഒരു ബിഷപ്പ് പാതിരി, തബ്ലീഗ് ചെയ്തുകൊണ്ട് തന്റെ കൂട്ടുകാരോടൊപ്പം അവിടെവന്നു. മൗലാനാ സാഹിബുമായി ചർച്ച ആരംഭിച്ചു. അതുകേൾക്കാൻ ജനങ്ങൾ തടിച്ചുകൂടി. ആ അവസരത്തിൽ പെരുംമഴ പെയ്യാൻ തുടങ്ങി. ആ സ്ഥലത്ത് മഴയുണ്ടായാൽ അത് മണിക്കൂറുകളോളം നീണ്ടുനില്ക്കുമെന്ന് പറയപ്പെടുന്നു. ചർച്ചയിൽ, തെളിവിനെ നേരിടാൻ പാതിരി സാഹിബിന് കഴിഞ്ഞില്ല. അദ്ദേഹം പരാജിതനായി. തന്റെ പരാജയത്തെ മൂടിവയ്ക്കുന്നതിനായി, ഹസ്റത്ത് മൗലാനാ സാഹിബിനോട് പറഞ്ഞു: ക്രിസ്തുമതത്തിനെതിരിൽ നിങ്ങളുടെ മതമായ ഇസ്ലാം സത്യവും മികച്ചതുമാണെങ്കിൽ ഈ സമയത്ത് ഇസ്ലാമിന്റെ ദൈവത്തോടു, തന്റെ സർവ്വാധിപത്യത്തിന്റെ അത്ഭുതം കാണിച്ച് ഈ പെരുംമഴ ഉടനെ നിറുത്താൻ പറയുക. അയാൾ ഇത് പറഞ്ഞതേയുള്ളൂ, മൗലാനാ സാഹിബ് തന്റെ ജീവനുള്ള ദൈവത്തിൽ സർവ്വവും ഭരമേല്പിച്ചുകൊണ്ട് മഴയോടായി പറഞ്ഞു, മഴേ, നീ ഇപ്പോൾ ദൈവത്തിന്റെ കല്പനയാൽ അടങ്ങുക. ഇസ്ലാമിന്റെ ജീവനുള്ള ദൈവത്തെക്കുറിച്ച് തെളിവ് നല്കുക. ഇതുകഴിഞ്ഞ് മിനിറ്റുകൾ കഴിഞ്ഞില്ല, മഴ നിലച്ചു. ആ പാതിരിയും അവിടെ കൂടിയിരുന്നവരും അല്ലാഹുവിന്റെ ഈ മഹത്തായ ദൃഷ്ടാന്തത്തിൽ അത്ഭുതപ്പെട്ടുപോയി.

**മൗലാനാ മുഹമ്മദ് സിദ്ദീഖ് സാഹിബ് അമൃതസരി** പറയുന്നു. ഞങ്ങൾ സിറാലിയൂണിൽ ആയിരുന്നകാലം. അവിടെ ഉലമാക്കൾ ചീഫുമാരെ സന്തോഷിപ്പിക്കുന്നതിനുവേണ്ടി സിഗരറ്റ്, പുകയില, വെറ്റില തുടങ്ങിയവ തിന്നുന്നതുകൊണ്ട് അത് വയറ്റിൽ പോകാത്തതിനാൽ നോമ്പ് മുറിയുകയില്ലെന്ന് മതവിധി പുറപ്പെടുവിച്ചിരുന്നു. ഞങ്ങൾ ശരിയായനില അവരോട് പറഞ്ഞപ്പോൾ അവർ ദ്വേഷ്യപ്പെട്ടു. ഇക്കാരണത്താൽ ഞങ്ങൾ കൊടുക്കുന്ന ഉപഹാരങ്ങളും ചീഫുമാർ മടക്കിക്കളയുമായിരുന്നു.

ഇത്തരം ഒരു ചീഫ് നമ്മുടെ ജമാഅത്തുള്ള ഒരു സ്ഥലത്ത് മുബല്ലിഗിനോട് പറഞ്ഞു: താങ്കൾ ഈ ജനങ്ങളോടു എന്നെ അനുസരിക്കരുതെന്ന് പറഞ്ഞു. താങ്കൾ സ്വയം നമ്മുടെ നിയമങ്ങളെ ലംഘിക്കുന്നു. അതുകൊണ്ട് താങ്കൾക്ക് ഗ്രാമത്തിൽ നമസ്കരിപ്പിക്കാനുള്ള അനുവാദമില്ല. താങ്കൾ ഇവിടെ നമസ്കരിപ്പിക്കുകയാണെങ്കിൽ ഇവിടെനിന്ന് പുറത്താക്കും. പിന്നീട് ജനങ്ങളോടായി പറഞ്ഞു. ഈ ഇന്ത്യക്കാർ നമ്മുടെ നാട്ടിൽ നാശം ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നവരാണ്. നിങ്ങൾ ഇവരെ ഇമാമും ജമാഅത്തുമായി നമസ്കരിക്കാൻ അനുവദിക്കരുത്. അങ്ങനെയായാൽ നമ്മളിൽ നാശമിറങ്ങും. നമ്മുടെ ഉലമാക്കൾ പറഞ്ഞത് ഇക്കാര്യം ഗ്രാമത്തിനുമേൽ ദൈവികശിക്ഷയിറങ്ങാൻ കാരണമാകുമെന്നാണ്.

അദ്ദേഹം പറയുന്നു: ഇതുകേട്ട് അവർ വലിയ വിഷമത്തിലായി. റമസാൻ തുടങ്ങാൻ പോകുകയാണ്. ജമാഅത്തായിട്ട് ഞങ്ങൾ എവിടെയാണ് നമസ്കരിക്കുക. ഇങ്ങനെയിരിക്കുമ്പോൾ ഞാൻ ഒരു മുബല്ലിഗിനേയും കൂട്ടി അവിടെനിന്നുംപോയി. ദുആ ചെയ്തു. അല്ലാഹുവേ! നീ തന്നെയാണ് ഞങ്ങൾക്കായി എല്ലാം ചെയ്തുതരുന്നവൻ. ഒരുവിധത്തിലും ഞങ്ങൾക്ക് അവരുടെ തീരുമാനം അകറ്റാൻ പറ്റുകയില്ല. ഞങ്ങൾ പാപികളും നിന്റെ തിരുസന്നിധിയ്ക്ക് യോജിച്ചവരുമല്ല എന്നത് ശരിതന്നെ. എന്നാൽ, നിന്റെ ഇസ്ലാമും നിന്റെ ഖുർആനും നിന്റെ റസൂലും നിന്റെ മഹ്ദിയും മസീഹും സത്യമാണ്. നീ സത്യമായ വാഗ്ദാനം ചെയ്യുന്നവനാണ്. ഈ ജമാഅത്ത് സത്യമാണ്. നീ നിന്റെ ബലഹീനരായ ദാസരെ അത്ഭുതകരമായി സഹായിച്ചാലും. അവരിപ്പോൾ നിരാലംബരും നിരാശ്രയരുമാണ്. അവരുടെ നാട്ടുകാർ സത്യം സ്വീകരിച്ചുവെന്ന ഒറ്റ കാര

ണത്താൽ അവരെ ബുദ്ധിമുട്ടിലാക്കിയിരിക്കുകയാണ്. പിന്നീട് മസീഹ് മൗഊദ്(അ) വിഷമാവസ്ഥയിൽ ചെയ്യാറുള്ള പ്രാർത്ഥന ഞങ്ങൾ വളരെ വിഷമത്തോടെ ചെയ്തു. കുറച്ചുകഴിഞ്ഞപ്പോൾ മഴ പെയ്യാൻ തുടങ്ങി. അതിൽനിന്ന് ഞങ്ങളുടെ പ്രാർത്ഥന അല്ലാഹു സ്വീകരിച്ചുവെന്ന് ഞങ്ങൾ മനസ്സിലാക്കി.

അങ്ങനെ ഞങ്ങൾ തിരിച്ച് ഗ്രാമത്തിൽ വന്നു. പിന്നീട് ചീഫിനോട് പറഞ്ഞു. പക്ഷേ, ചീഫ് സമ്മതിച്ചില്ല. ഈ വിഷമത്തിൽ ഞങ്ങൾ അവിടെതന്നെയിരിക്കുകയായിരുന്നു. വലിയ ചീഫിന്റെയാൾ തന്റെ യൂണിഫോമിൽ അവിടേക്ക് കയറിവന്നു. അയാൾ ആ ചീഫിന് ഒരു കത്തുകൊടുത്തു. 'സിറാലിയൂണിൽ മതസ്വാതന്ത്ര്യമുണ്ട്, അതുകൊണ്ട് ഒരു കക്ഷിയേയും ഏതുരീതിയിലുള്ള ആരാധനയിൽനിന്നും തടയരുതെന്ന കല്പനയായിരുന്നു' അത്. അവിടത്തുകാർക്ക് ഇത് അടയാളമായിരുന്നു. അവർ ഉടനെ സുജൂദ് ചെയ്തു.

ബംഗാ വാസിയാണ് **ഹാജി ഗുലാം അഹ്മദ് സാഹിബ്**. (വേറൊരാളുമുണ്ട്. അദ്ദേഹത്തിന്റെ പേര് ഹുസൂർ പറഞ്ഞിട്ടില്ല. വിവ:) അവർ ഒരു മജ്‌ലിസിൽ ഇരിക്കുകയായിരുന്നു. രണ്ടുപേരും അഹ്മദിയാണ്. അനഹ്മദിയായ ചഞ്ചുഖാൻ 'ഇന്ന് മഴയുണ്ടാകുകയാണെങ്കിൽ ഞാൻ അഹ്മദിയാകും' എന്ന് പറഞ്ഞു. ചൂടുകാലമായിരുന്നു അത്. ഹാജിസാഹിബ് അഹ്മദികളോടുള്ള സ്നേഹത്തിൽ അങ്ങേയറ്റം വേദനയോടുകൂടി പ്രാർത്ഥനാനിരതനായി. അല്പം കഴിഞ്ഞതേയുള്ളൂ. ആകാശം മേഘാവൃതമായി. മഴ പെയ്യാൻ തുടങ്ങി. ചഞ്ചുഖാൻ സാഹിബ് പറഞ്ഞതുപോലെ പ്രവർത്തിക്കുന്നയാളായതുകൊണ്ട് ഉടനെ ബയ്അത്തും ചെയ്തു.

**മൗലാനാ നദീർ അഹ്മദ് സാഹിബ് മുബശ്ശിർ** എഴുതുന്നു. 1940-ൽ ഞാൻ ഘാനയിലായിരുന്നു. അന്നതിന്റെ പേര് ഗോൾകോസ്റ്റ് എന്നായിരുന്നു. ഒരു രാത്രി ഞാൻ സ്വപ്നം കണ്ടു. എന്റെ ചേംബർ പാർട്ടിൽ ഒരു പാമ്പ് കയറിക്കൂടിയിരിക്കുന്നു. അതിന്റെ മുഖം പാർട്ടിന്റെ ഉള്ളിലേക്കാണ്. വാല് പാർട്ടിന്റെ അറ്റത്തുമാണ്. ഉണർന്നുടനെ ഏതോ ശത്രു എന്റെമേൽ ആക്രമണം നടത്താൻ ഉദ്ദേശിക്കുന്നുവെന്ന് എനിക്ക് തോന്നി. അന്നേദിവസം സുബ്ഹി നമസ്കാരത്തിനുശേഷം മുബല്ലിഗുമാർ ക്ലാസ്സിലെ കുട്ടികൾക്ക് ഖുർആൻ തർജമയോടുകൂടി പഠിപ്പിക്കുമ്പോൾ ഞാൻ അവിടെച്ചെന്ന് വിദ്യാർത്ഥികളോട്, കഴിഞ്ഞരാത്രി കണ്ട സ്വപ്നം പറഞ്ഞു. ഇതിൽനിന്ന് എനിക്കോ ജമാഅത്തിനോ ഏതോ ശത്രു നഷ്ടം വരുത്താൻ ആഗ്രഹിക്കുന്നുവെന്നാണ് തോന്നുന്നതെന്നും പറഞ്ഞു. ഞാനത് പറഞ്ഞുനിർത്തുന്നതിനു മുമ്പേ വിദ്യാർത്ഥികളിൽ ഒരാൾ എഴുന്നേറ്റുനിന്ന് മൗലവി സാഹിബേ അങ്ങയുടെ സ്വപ്നം ഇതാ പുലർന്നിരിക്കുന്നു; അങ്ങോട്ട് നോക്കുക, രണ്ട് ഡസൻ പോലീസുകാർ നമ്മുടെ മിഷൻഹൗസ് വളഞ്ഞിരിക്കുന്നു എന്ന് ചൂണ്ടിക്കാണിച്ചു. ഞാൻ അവിടെ പോയി. സിവിൽ ഡ്രസ്സിലുള്ള ഒരു പോലീസുകാരൻ എന്റെയടുത്തേക്ക് വന്നു. അയാളുടെ കയ്യിൽ കുറച്ച് കടലാസുകൾ ഉണ്ടായിരുന്നു. മൗലവി സാഹിബ് പറയുന്നു. ഞാൻ ചിരിച്ചുകൊണ്ട് ചോദിച്ചു. എനിക്കെതിരിൽ അറസ്റ്റ് വാറണ്ട് വല്ലതുമുണ്ടോ? തങ്ങൾ റെയ്ഡ് ചെയ്യാൻ വന്നതാണെന്ന് അദ്ദേഹവും ചിരിച്ചുകൊണ്ടറിയിച്ചു. അപ്പോൾ ഒരു പട്ടാളക്കാരനുമെത്തി. 'നിങ്ങളുടെ പക്കൽ ട്രാൻസ്മീറ്ററുണ്ട്. ഇതുമുഖേന നിങ്ങൾ ജർമ്മനിക്ക് വാർത്തകൾ കൈമാറുന്നു. നിങ്ങളുടെ കയ്യിൽ ആയുധങ്ങളുമുണ്ട്.' എന്നൊക്കെ പോലീസുകാരൻ പറഞ്ഞു. വീണ്ടും ചിരിച്ചുകൊണ്ട് ഞാൻ അയാളോട്, എന്റെ വീടും മിഷൻഹൗസും നിങ്ങൾ പരിശോധിക്കുകയും ട്രാൻസ്മീറ്ററും ആയുധങ്ങളും എവിടെയാണോ വെച്ചിട്ടുള്ളത് അത് കണ്ടെടുക്കുകയും ചെയ്യുക എന്ന് പറഞ്ഞു. അങ്ങനെ അയാൾ പരിശോധന തുടങ്ങി. ഒന്നും കിട്ടിയില്ല. അവസാനം പരാജയം ഏറ്റുവാങ്ങി. സെക്രട്ടറിയുടെ ഓഫീസ് പരിശോധിക്കണമെന്ന് പറഞ്ഞു. അവിടേയും പരാജയപ്പെട്ടു. പിന്നെ സ്കൂളും ഹോസ്റ്റലും പരിശോധിക്കണമെന്ന് പറഞ്ഞപ്പോൾ ഞാൻ പറഞ്ഞു: എന്റെ വീട് പരിശോധിക്കാനുള്ള വാറണ്ട് മാത്രമാണ് അങ്ങയുടെ കയ്യിലുള്ളത്! എന്തായാലും നിങ്ങളുടെ സമാധാനത്തിനായി നിങ്ങൾക്ക് എവിടേയും പരിശോധിക്കാം. സകലതും പരിശോധിച്ച് പരാജയപ്പെട്ടപ്പോൾ അവർ വെറും കയ്യോടെ മടങ്ങിപ്പോയി. ഇവിടെത്തെ പരിശോധന കഴിഞ്ഞപ്പോൾ പോലീസിന് എവിടെനിന്നോ വ്യാജമദ്യത്തെക്കുറിച്ച് വിവരം കിട്ടി. അവിടെപോയി കുറ്റവാളിയെ പിടിച്ചു. അവിടെന്ന് കുപ്പിയും മദ്യവും പിടിച്ചെടുത്തു. കുറ്റവാളികളിൽ ഒരുവൻ ഇൻസ്പെക്ടർ പിടിച്ചിരുന്ന കുപ്പി കൈ കൊണ്ടടിച്ചു പൊട്ടിച്ചു. അങ്ങനെ അയാളുടെ കൈ മുറിഞ്ഞു. അതിനുശേഷം അയാൾ കാറിൽ വരുമ്പോൾ വഴിയിലെ വലിയ കുഴിയിൽ വീണ് അപകടവുമുണ്ടാ

യി. അയാളുടെ ഭാര്യ അയാളോട് പറഞ്ഞു. നിങ്ങൾ അഹ്മദിയ്യാ അമീറിനോടും മൗലവിയോടും ഇങ്ങനെയൊക്കെ ചെയ്തതുകൊണ്ടാണ് ഇത് സംഭവിക്കുന്നത്. നിങ്ങൾ പോയി അവരോട് മാപ്പ് ചോദിക്കുക. വാസ്തവത്തിൽ ഈ ദ്രോഹം ചെയ്തത് ഒരു അസൂയാലുവായ അസിസ്റ്റന്റ് കമ്മീഷണറായിരുന്നു. റോമൻ കത്തോലിക്കാ സഭക്കാരനായിരുന്നു അയാൾ. പരിശോധനയെല്ലാം അവസാനിച്ചപ്പോൾ ഞാൻ ചീഫ് കമ്മീഷണറുടെ അടുക്കൽ പോയി താങ്കളുടെ പോലീസ് ഞങ്ങളുടെ മതപരമായ കാര്യങ്ങൾ മാത്രം പ്രവർത്തിക്കുന്ന മിഷനോട് അതിക്രമം ചെയ്തിരിക്കുന്നുവെന്ന് പറഞ്ഞ് പരാതി കൊടുത്തു. നിങ്ങൾക്കാരെയെങ്കിലും സംശയമുണ്ടോ എന്ന് അദ്ദേഹം ചോദിച്ചപ്പോൾ സോൾപോണ്ടിലെ അസിസ്റ്റന്റ് കമ്മീഷണറാണ് ഇതൊക്കെ ചെയ്യിച്ചതെന്ന് കരുതുന്നതായി അറിയിച്ചു. അയാളെക്കുറിച്ച് അന്വേഷിച്ചെങ്കിലും കുറച്ചുനാളുകൾക്കുശേഷം അയാൾക്ക് ഡപ്യൂട്ടി കമ്മീഷണറായി സ്ഥാനക്കയറ്റമാണുണ്ടായത്. അപ്പോൾ ഞാൻ തഹജ്ജുദ് നമസ്കാരത്തിൽ അല്ലാഹുവിനോട് ദുആ ചെയ്തു: എന്റെ അല്ലാഹുവേ, നിന്റെ ദീനിനെ അപമാനിച്ച ഇയാൾക്ക് എങ്ങനെയാണ് സ്ഥാനകയറ്റം കിട്ടിയത്? അതായത് അയാൾക്ക് വേദനാജനകമായ ശിക്ഷയാണ് കിട്ടേണ്ടിയിരുന്നത്. ഞാൻ ഇങ്ങനെ ദുആ ചെയ്ത് കുറച്ച് ദിവസം കഴിഞ്ഞപ്പോൾ അസൂയാലുവായ ആ ഇസ്‌ലാമിന്റെ ശത്രു ബ്ലാക്ക്‌വാട്ടർ ഫീവർ ബാധിച്ച് മരിച്ചു.

മൃഗങ്ങളുടെ മനസ്സിലും അല്ലാഹു എങ്ങനെയാണ് തോന്നിപ്പിക്കുന്നതെന്ന് നോക്കൂ. നമ്മുടെ ഒരു സംഘമാളുകൾ ഡേര ഘാസിഖാനിൽ ഒരിടത്ത് പോയി. അന്നാളുകളിൽ അവിടെ അത്യുഷ്ണമായിരുന്നു. കുതിരവണ്ടിയിലായിരുന്നു അവർ പോയിരുന്നത്. ചൂടിന്റെ കാഠിന്യം കൊണ്ട് കുതിര തളർന്നു വീണു. അതിനെ എഴുന്നേല്പിക്കാൻ അവർ പെടാപാട് പെട്ടു. പക്ഷേ, അത് എഴുന്നേറ്റില്ല. കുതിര എഴുന്നേല്ക്കുന്നില്ലെന്ന് കണ്ടപ്പോൾ മലക്ക് **മൗലാ ബഖ്ശ് സാഹിബ്(റ)** ഇറങ്ങി നടക്കാൻ തുടങ്ങി. മറ്റുള്ളവർ കുതിരവണ്ടിയുടെ അടുത്തുതന്നെ നിന്നു. ഇത്രയുമായപ്പോൾ ദൂരത്തുനിന്നൊരാൾ വെളുത്ത കുതിരപ്പുറത്ത് വരുന്നത് കണ്ടു. ആ കുതിരയെ തങ്ങളുടെ കുതിരവണ്ടിയിൽ കെട്ടിയാൽ അതിൽ പോകാമെന്ന് അവർ കരുതി. കുതിരവണ്ടിക്കാരന് പിന്നീട് തന്റെ കുതിരയുമായി വരികയും ചെയ്യാം. പക്ഷേ, ആ കുതിര ഞങ്ങളുടെ അടുത്തൂടെ സലാമൊന്നും പറയാതെ കടന്നുപോയി. അയാൾ അവിടെത്തുകാരനല്ലെന്ന് അതിൽനിന്ന് ഞങ്ങൾ മനസ്സിലാക്കി. പക്ഷേ, ആ കുതിര മലക്ക് സാഹിബിന്റെ അടുത്തെത്തിയപ്പോൾ സ്വയം നിന്നു. അതിനു പുറത്ത് യാത്രചെയ്തിരുന്ന ആൾ താഴെയിറങ്ങി മലക്ക് സാഹിബിനോട് അതിൽ യാത്ര തുടരാൻ പറഞ്ഞു. അദ്ദേഹം മലക്ക് സാഹിബിന്റെ പരിചയക്കാരനായിരുന്നു. ഖാദർ ബഖ്ശ് എന്നായിരുന്നു അയാളുടെ പേര്. താങ്കൾ പൊയ്ക്കൊള്ളുക ഞാൻ നടന്നുവന്നുകൊള്ളാമെന്ന് മലക്ക് സാഹിബ് പറഞ്ഞെങ്കിലും അയാൾ നിർബന്ധിച്ച് മലക്ക് സാഹിബിനെ കുതിരപ്പുറത്തിരുത്തി. ഇതൊരു അത്ഭുതകരമായ കാര്യമായിരന്നു. മലക്ക് സാഹിബ് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. കുറേ വർഷമായി ഞാൻ നിത്യവും ഈ കുതിരപ്പുറത്താണ് ഹിന്ദാനിൽനിന്ന് എന്റെ സ്ഥലമായ ഹൽഖയിലേക്ക് പോകുന്നത്. ഞാൻ പറയുന്നതുപോലെ മാത്രമേ അത് നടക്കുകയുള്ളൂ. എതിരൊന്നും പ്രവർത്തിക്കുകയില്ല. എന്നാൽ, ഇന്നെന്താണെന്ന് എനിക്കറിയില്ല, ഞാൻ ഗ്രാമത്തിൽ നിന്ന് പുറപ്പെട്ടപ്പോൾ ഇത് തിരിച്ചുപായുകയാണ് ചെയ്തത്. അതിനെ തടഞ്ഞുനിർത്താൻ ഒരുപാട് ഞാൻ ശ്രമിച്ചു. പക്ഷേ ഇതെങ്ങും നിന്നില്ല. തന്റെ കൈ കാണിച്ചുകൊണ്ട് ഇതിനെ നിർത്താൻവേണ്ടി കടിഞ്ഞാൺ വലിച്ചു വലിച്ച് തന്റെ കൈ ചെമന്നുപോയത് അദ്ദേഹം മലക്ക് സാഹിബിനെ കാണിച്ചു. പക്ഷേ, അത് അങ്ങയുടെ അടുത്തെത്തിയപ്പോൾ സ്വയം നിന്നു. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് അങ്ങ് ഇതിൽ യാത്ര ചെയ്യുക എന്ന്. അങ്ങനെ ആ കുതിര മലക്ക് സാഹിബിനെ സുഖകരമായി അദ്ദേഹം പോകേണ്ട കോട്ട്ചട്ട ഗ്രാമത്തിലെത്തിച്ചു. കൃത്യസമയത്ത് അദൃശ്യമായി ദൈവികസഹായമെത്തിയ കാരണത്താൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജോലിയെടുക്കാനാണ് താൻ പോയിരുന്നതെന്നും താനാണെങ്കിൽ നടന്നു ശീലമുള്ളയാളായിരുന്നില്ലെന്നും- പ്രത്യേകിച്ച് ചൂടുകാലത്ത്- അതുകൊണ്ട് അല്ലാഹു അദൃശ്യത്തിൽനിന്ന് ഈ ഏർപ്പാട് ചെയ്തുതന്നതാണെന്നും മലക്ക് സാഹിബിന് മനസ്സിലായി. മലക്ക് സാഹിബിന്റെ അടുത്തുതന്നെ പോയിനില്ക്കാൻ കുതിരയുടെ മനസ്സിലും അല്ലാഹു തോന്നിപ്പിച്ചു." ഹസ്റത്ത് മസീഹ് മൗഊദ്(അ) ദുആയെക്കുറിച്ച് സ്മരിച്ചുകൊണ്ട് പറയുന്നു.

"അല്ലാഹുവേ! ഞാനിപ്പോൾ തനിച്ചുള്ളതുപോലെ എന്നെ തനിച്ച് നീ വിട്ടുകളയരുതേ, നിന്നെ

ക്കാൾ ഉത്തമനായ അവകാശിയാരാണ്? അതായത്, ഇപ്പോൾ എനിക്ക് മക്കളുണ്ട്. ബാപ്പയും സഹോദര നുമുണ്ട്. (വളരെ മുമ്പുള്ള കാര്യമാണ് ഇപ്പറയുന്നത് അല്ലാഹുവിനോട് ദുആ ചെയ്യുകയാണ്.) എന്നാൽ, ആത്മീയമായ നിലയിൽ ഞാനിപ്പോൾ തനിച്ചാണ്. ആത്മീയമായ നിലയിൽ എന്റെ അനന്തരാവകാശി കളാകുന്നവരെയാണ് ഞാൻ നിന്നിൽനിന്ന് ആഗ്രഹി ക്കുന്നത്. ഈ പ്രാർത്ഥന അല്ലാഹു ആത്മീയമായി ബന്ധംവെയ്ക്കുന്ന ഒരു ജമാഅത്ത് എന്നോടൊപ്പം കൊണ്ടുവരും എന്ന വരാൻപോകുന്ന കാര്യത്തെക്കു റിച്ചുള്ള പ്രവചനമായിരുന്നു. അവരെന്റെ കയ്യിലൂടെ പശ്ചാത്തപിച്ചു മടങ്ങും."

വീണ്ടും പറയുന്നു. "ആയിരക്കണക്കിന് ആളു കൾ പലതരത്തിലുള്ള പാപങ്ങളിൽനിന്ന് പശ്ചാത്ത പിച്ചു മടങ്ങിയെന്നതുതന്നെ എനിക്ക് മതിയായതാണ്. ബയ്അത്ത് ചെയ്തതിനുശേഷം തന്റെ കൈകൊണ്ട് അല്ലാഹു പരിശുദ്ധമാക്കാതെ ഒരിക്കലും മാറാത്ത മാറ്റം ഞാൻ ആയിരക്കണക്കിനാളുകളിൽ കണ്ടു. സത്യസന്ധരും വിശ്വസ്തരുമായ ആയിരക്കണക്കിന് എന്റെ മുരീദുമാർ ബയ്ത്തിനുശേഷം അവരിലുണ്ടാ ക്കിയ ഓരോ മാറ്റവും ഓരോ അടയാളമാണെന്ന് സത്യം ചെയ്ത് എനിക്ക് പറയാൻ കഴിയും." തുടർന്ന് പറഞ്ഞു. "ആദ്യം ഞാൻ തനിച്ചായിരുന്നുവെന്നും എന്നോടൊപ്പം ഒരു ജമാഅത്തും ഉണ്ടായിരുന്നി ല്ലെന്നും ഇപ്പോൾ ആയിരക്കണക്കിനാളുകൾ എന്നോ ടൊപ്പമുണ്ടെന്നും അത് ഒരു എതിരാളിക്കും മറച്ചു വെയ്ക്കാൻ കഴിയില്ലെന്നും അല്ലാഹു പറഞ്ഞ സാക്ഷ്യത്തിൽനിന്നും സ്ഥാപിതമാകുന്നു. അല്ലാഹു വിന്റെ സഹായവും ദൈവികരക്ഷണവും ഉണ്ടാകു ന്നതരത്തിലുള്ളതാണ് അവന്റെ പ്രവചനം."

തന്റെ സഹായം കരസ്ഥമാക്കുന്നതിനുവേണ്ടി നന്മകളിൽ നിലകൊള്ളാനും തന്റേയും റസൂലി ന്റേയും കോന്തല പിടിക്കാനും അല്ലാഹു പറഞ്ഞ ആളുകളെ ഇക്കാലത്തും ഹസ്റത്ത് മസീഹ് മൗഊ ദ്(അ)ന്റെ ജമാഅത്തിൽ ആ മഹാത്മാവ് പറഞ്ഞതു പോലെതന്നെ അവൻ നമുക്ക് കാണിച്ചുതരുന്നു. അവരുടെ ദുആ സ്വീകരിച്ചതിന്റേയും അല്ലാഹു അവരെ സഹായിച്ചതിന്റെയും ഉദാഹരണം നാം കണ്ടു. ചില സംഭവങ്ങൾ ഞാൻ വിവരിച്ചു. ഇത്തര ക്കാരെ കിട്ടാനാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിനോട് പ്രാർത്ഥിച്ചിരുന്നത്."

അല്ലാഹു എപ്പോഴും ആത്മാർത്ഥതയിലും വിശ്വസ്തതയിലും മികച്ച അത്തരക്കാരെ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ സൃഷ്ടിച്ചു കൊണ്ടിരിക്കുമാറാകട്ടെ. അവരുടെ ജീവിതത്തിൽ അല്ലാഹുവിന്റെ സഹായത്തിന്റേയും രക്ഷണത്തി ന്റേയും മാതൃക കണ്ടുകൊണ്ടിരിക്കാൻ നമുക്ക് ഭാഗ്യം നല്കുമാറാകട്ടെ. ഇക്കൂട്ടർ ആത്മാർത്ഥത യിലും വിശ്വസ്തതയിലും വളർന്നുകൊണ്ട് അഹ്മ ദിയ്യാ ഖിലാഫത്തിന്റെ കെട്ടുറപ്പിനുവേണ്ടി ശ്രമിക്കു ന്നവരും സഹായിക്കുന്നവരുമായി തീരട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 14.7.2006 at Baithul Futuh, London

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala
Web: www.alislam.org